# ആത്മപ്രകാശിനി

**2010 ഏപ്രിൽ**

ആത്മപ്രകാശിനി പി. ഡി. എഫ്. ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട്. വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപോകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ്. ആത്മപ്രകാശിനി പി. ഡി. എഫ്. ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ്.

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of "Athmaprakashini, Kumbanad".**

# Athmaprakashini

# അകത്താളുകളിൽ

**താങ്കളുടെ നിക്ഷേപം സ്വർഗ്ഗത്തിലോ?**
ഡോ. ഡോ. കെ.സി. ജോൺസൺ 3

**കൃപ എന്ന വിശിഷ്ട വിഷയം**
കെ.വി. ജോൺ .................................. 4

**വെളിപ്പാടു പുസ്തകം ....**
ഡോ. ഒ.എം. ശമുവേൽ .................... 6

**പുതിയനിയമ സഭായോഗങ്ങൾ**
എസ്.ജി. ഗിൽബർട്ട് .......................... 7

**പ്രായോഗിക ക്രിസ്തീയ ജീവിതം**
തോമസ് ഏബ്രഹാം ......................... 9

**യേശുക്രിസ്തുവിന്റെ ക്രൂശിൽ . . .**
പി.എ. ഏബ്രഹാം .............................. 12

**അപ്പൊ. പ്രവർത്തികളുടെ . . . . .**
ഡോ. ജോസഫ് എം.പി. ................. 14

**ന്യായപ്രമാണകാല സ്ത്രീകൾ. . . .**
തോമസ് മത്തായി............................. 15

**നീ ഈ പുരുഷനോട് കൂടെ . . . .**
കുഞ്ഞമ്മ ചാക്കോ............................. 17

**ക്രിസ്തുവിന്റെ മാർഗ്ഗവും . . . .**
എ.കെ. ശശി ....................................... 19

**ബൈബിൾ പ്രശ്നാവലി ..............** 20

**ദൈവത്തിന്റെ ശിക്ഷണത്തിലെ . . . .**
ജോർജ്ജ് സി. വർഗീസ് ................... 21

**വാർത്തകളും, കുറിപ്പുകളും** 22

### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*

# ആത്മപ്രകാശിനി

**Vol. XXIX** **No.4**

## 2010 ഏപ്രിൽ

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)

***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
+919447265500
**athmaprakashini@gmail.com**

# താങ്കളുടെ നിക്ഷേപം സ്വർഗ്ഗത്തിലോ?

Dr. K.C. Johnson, Mavelikkara

"**ക**മന്നു വീണാൽ കാൽപ്പണം'' എന്നത് ഈ ലോകത്തിന്റെ സാമ്പത്തിക ശാസ്ത്രമാണ്. പണത്തിനുവേണ്ടി എന്തും ചെയ്യുന്നതിന് ഇന്നത്തെ മനുഷ്യനു ഒരു മടിയുമില്ല. വിശ്വാസിയുടെ അവസ്ഥയും ഇതിൽ നിന്നും ഒട്ടും വിഭിന്നമല്ല. ഇവിടെ എത്രമാത്രം സ്വരൂപിക്കാമോ അത്രയും സ്വരൂപിക്കാനുള്ള നെട്ടോട്ടമാണ്. കൂടുതൽ കൂടുതൽ വസ്തു വകകൾ സ്വന്തമാക്കുവാനും ബാങ്ക് നിക്ഷേപങ്ങൾ വർദ്ധിപ്പിക്കുവാനും എത് മാർഗ്ഗം അവലംബിക്കുന്നതിനും ഇന്ന് വിശ്വാസികൾക്ക് ഒരു മടിയുമില്ല. ഈ ലോകത്തിൽ കൊള്ളയും കവർച്ചയും വർദ്ധിക്കുകയല്ലേ? ഇവിടുത്തെ ബാങ്കുകൾക്ക് ഒരു ഉറപ്പുമില്ല. ഡോളറിന്റെ മൂല്യം കുറയുകയല്ലേ? ഷെയർ മാർക്കറ്റ് എന്നും അനശ്ചിതം തന്നെ. കർത്താവിന്റെ വാക്കുകൾ ഇപ്രകാരമാണ്: *പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ* (മത്തായി 6:19,20). നാം പ്രാപ്തി പോലെയും പ്രാപ്തിക്കുമീതെയും (2 കൊരി. 8:4) ധാരാളമായി (2 കൊരി. 9:6) സുവിശേഷ പ്രവർത്തനങ്ങൾക്കും സുവിശേഷകർക്കും (1 കൊരി. 9:6-14) മൂപ്പന്മാർക്കും (1 തിമൊ. 5:17,18; 1 കൊരി. 9:7-13) ഉപദേഷ്ടാക്കന്മാർക്കും (ഗലാ. 6:6) ബുദ്ധിമുട്ടനുഭവിക്കുന്ന വിശ്വാസികൾക്കും (റോമർ 12:13) കൊടുക്കുമ്പോൾ നാം സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കുകയാണ് (1 തിമൊ. 6:17-19) ചെയ്യുന്നത്.

എന്നാൽ ഒന്ന് പ്രത്യേകം ഓർക്കേണ്ടതുണ്ട്. പേരിനും പെരുമയ്ക്കും വേണ്ടി നാം സാമ്പത്തികമായ കൂട്ടായ്മ കാണിച്ചാൽ നമുക്ക് സ്വർഗ്ഗത്തിൽ നിക്ഷേപം കാണുകയില്ല; നാം എത്രമാത്രം നൽകി എന്നതല്ല, എന്തു ഉദ്ദേശ്യത്തോട് നൽകി എന്നതായിരിക്കും കർത്താവ് പരിശോധിക്കുന്നത് (1 കൊരി. 4:5).

ഈ ലോകം തങ്ങളുടെ നിത്യവാസസ്ഥലം എന്നുള്ള നിലയിലാണ് ഇന്ന് അനേകരും ജീവിക്കുന്നത്. തങ്ങളുടെ സ്വർഗ്ഗീയ ഭവനം വിട്ട് ഈ ഭൂമിയിൽ പ്രവാസികളായി പാർക്കുന്നു എന്ന ആശയത്തിൽ എല്ലാ വിശ്വാസികളും പരദേശികളാണ്. സങ്കീർത്തനക്കാരന്റെ വാക്കുകൾ ശ്രദ്ധിക്കുക: *ഞാൻ ഭൂമിയിൽ പരദേശിയാകുന്നു* (119:11); *ഞാൻ പരദേശിയായി പാർക്കുന്ന വീട്ടിൽ നിന്റെ ചട്ടങ്ങൾ എന്റെ കീർത്തനം ആകുന്നു* (119:54). പൗലൊസ് അത് അല്പം കൂടെ വ്യക്തമാക്കുന്നുണ്ട്. *നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു* (ഫിലി. 3:20). ഈ സ്വന്തദേശത്തെക്കുറിച്ചുള്ള ശരിയായ ഒരു കാഴ്ചപ്പാട് നമുക്കുണ്ടെങ്കിൽ എത്ര നന്നായിരുന്നു!

അനേകർ ഇന്ന് ക്രൂശിനു ശത്രുക്കളായി ജീവിക്കുകയാണ്. അവർക്ക് ചിന്തിക്കുവാനുള്ളത് ഈ ഭൂമിയിലെ കാര്യങ്ങൾ മാത്രമാണ് (ഫിലി. 3:19). വലിയ വലിയ ബംഗ്ളാവുകൾ പണിയുവാനും പുതിയ പുതിയ വാഹനങ്ങൾ വാങ്ങുവാനും അതിൽ രസിക്കുവാനും അവർ ആഗ്രഹിക്കുന്നു. തിന്നുക, കുടിക്കുക, ആനന്ദിക്കുക എന്ന ഫിലോസഫി ഇന്ന് പല വിശ്വാസികളുടെയും ആപ്തവാക്യം ആയിരിക്കുകയാണ്. എന്നാൽ അതിൽനിന്നും വിഭിന്നമായി ഒരു വിശ്വാസിക്ക് ചിന്തിക്കുവാനും അന്വേഷിക്കുവാനും ഉള്ളത് ഉയരത്തിലുള്ള കാര്യങ്ങളാണ് (കൊലൊ. 3:1,2). ആത്മിക കാര്യങ്ങൾക്കും ആത്മീയ ജീവിതത്തിനും പ്രാധാന്യം നൽകി ഉയരത്തിലുള്ളത് ചിന്തിക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. സ്വർഗ്ഗത്തിൽനിന്നും പ്രതിഫലം നൽകുവാൻ വേഗം വരുന്ന കർത്താവിനായി നമുക്ക് കാത്തിരിക്കാം (വെളി. 22:12). അതിനായി ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. ●

# കൃപ എന്ന വിശിഷ്ട വിഷയം – 8

കെ.വി. ജോൺ, തിരുവല്ല

### കൃപാസനത്തിന് അടുത്തു ചെല്ലുക

"നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല. പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിപ്പാനും തൽസമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക" (എബ്രാ. 4:15,16).

സമാഗമനകൂടാരത്തിൽ അതിവിശുദ്ധ സ്ഥലത്തു കാണുന്ന രണ്ട് ഉപകരണങ്ങളാണ് പെട്ടകവും കൃപാസനവും. പെട്ടകം ഖദിരമരം കൊണ്ടുണ്ടാക്കി തങ്കംതൊണ്ടു പൊതിഞ്ഞിരിക്കുന്നു. കൃപാസനമോ മുഴുവൻ തങ്കംകൊണ്ടുതന്നെ ഉണ്ടാക്കിയിരിക്കുന്നു. കൃപാസനത്തിന്റെ രണ്ടറ്റത്തും അടിപ്പുപണിയായി തങ്കംകൊണ്ട് രണ്ട് കെരൂബുകളെ ഉണ്ടാക്കി ഓരോന്നിനെയും ഓരോ അറ്റത്ത് കൃപാസനത്തിൽ നിന്നുള്ളവയായിട്ട് ഉണ്ടാക്കിയിരിക്കുന്നു. കെരൂബുകൾ മേലോട്ട് ചിറകു വിടർത്തി ചിറകുകൊണ്ട് കൃപാസനത്തെ മൂടുകയും തമ്മിൽ അഭിമുഖമായിരിക്കുകയും ചെയ്യുന്നു. കെരൂബുകളുടെ മുഖം കൃപാസനത്തിനു നേരെ ഇരിക്കുന്നു. കൃപാസനം പെട്ടകത്തിൻ മീതെ വെച്ചിരിക്കുന്നു (പുറ. 25:10–22). പെട്ടകം കർത്താവായ യേശുക്രിസ്തുവിന്റെ നിഴലാണ്. പെട്ടകവും കൃപാസനവും 2 വ്യത്യസ്ത ഉപകരണങ്ങളാണെങ്കിലും അവയുടെ അടുത്തു വന്നു നോക്കുന്ന ഒരുവന് ഒരു ഉപകരണമായി തോന്നും. കൃപാസനം ആ നിലയിൽ പെട്ടകത്തോടു ചേർന്നിരിക്കുന്നു. കർത്താവും കൃപയും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് ഇത് വെളിപ്പെടുത്തിയിരിക്കുന്നു.

സമാഗമന കൂടാരത്തിൽ വിശുദ്ധസ്ഥലവും അതിവിശുദ്ധ സ്ഥലവും തമ്മിൽ വേർതിരിക്കുന്ന ഒരു മറശ്ശീല ഉണ്ടായിരുന്നു. പുരോഹിതന്മാർക്ക് നിത്യവും വിശുദ്ധസ്ഥലത്തു പ്രവേശിച്ച് ശുശ്രൂഷ നിവർത്തിപ്പാൻ കഴിയുമായിരുന്നു. എന്നാൽ അതിവിശുദ്ധ സ്ഥലത്തു പ്രവേശിക്കുവാൻ മഹാപുരോഹിതനുമാത്രമേ അനുവാദമുണ്ടായിരുന്നുള്ളൂ. ആണ്ടിൽ ഒരിക്കൽ മാത്രം അതും രക്തത്തോടുകൂടെ. അവിടെ പ്രവേശിക്കുന്ന മഹാപുരോഹിതൻ തന്റെയും ജനത്തിന്റെയും അബദ്ധങ്ങൾക്കുവേണ്ടി യാഗം അർപ്പിക്കുന്നു (എബ്രാ. 9:5–7). അവന്റെ കയ്യിലുള്ള രക്തത്തെ 'അന്യരക്തം' എന്നു വിശേഷിപ്പിച്ചിരിക്കുന്നു. അതായത് ആട്ടുകൊറ്റന്മാരുടെയും പശുക്കിടാക്കളുടെയും രക്തം (എബ്രാ. 9:12,25). ദൈവം കല്പിച്ച പ്രകാരമുള്ള വസ്ത്രം ധരിച്ചുകൊണ്ടും വിശുദ്ധിയോടുംകൂടെ അവിടെ പ്രവേശിച്ചില്ലെങ്കിൽ മരണം തീർച്ച (പുറ. 28:35; 30:17–21). ഇത് ദൈവത്തിന്റെ തീഷ്ണതയെ കാണിക്കുന്നു.

പഴയനിയമയാഗങ്ങളെ ഉദ്ധരിച്ചുകൊണ്ട് എബ്രായലേഖനകാരൻ പറയുന്നതു ശ്രദ്ധിക്കുക. "ക്രിസ്തുവോ വരുവാനുള്ള നന്മകളുടെ മഹാപുരോഹിതനായി വന്നിട്ടു കൈപ്പണിയല്ലാത്തതായി എന്നുവെച്ചാൽ സൃഷ്ടിയിൽ ഉൾപ്പെടാത്തതായി വലിപ്പവും തികവുമേറിയ ഒരു കൂടാരത്തിൽക്കൂടി ആട്ടുകൊറ്റന്മാരുടെയും പശുക്കിടാക്കളുടെയും രക്തത്താലല്ല, സ്വന്തരക്തത്താൽ തന്നേ ഒരിക്കലായിട്ടു വിശുദ്ധമന്ദിരത്തിൽ പ്രവേശിച്ചു എന്നേക്കുമുള്ളൊരു വീണ്ടെടുപ്പു സാധിപ്പിച്ചു എന്നാണ് (എബ്രാ.9:11,12). ഈ സ്വയാർപ്പണം എങ്ങനെ നടന്നു എന്നു ചോദിച്ചാൽ അതും ദൈവകൃപയാൽ എന്നു രേഖപ്പെടുത്തിയിരിക്കുന്നു.

"എങ്കിലും ദൈവകൃപയാൽ എല്ലാവർക്കും വേണ്ടി മരണം ആസ്വദിപ്പാൻ ദൂതന്മാരിലും അല്പം ഒരു താഴ്ച വന്നവനായ യേശു മരണം അനുഭവിച്ചതുകൊണ്ട് അവനെ മഹത്വവും ബഹുമാനവും അണിഞ്ഞവനായി നാം കാണുന്നു" (എബ്രാ. 2:9).

മനുഷ്യരായ നാമും മനുഷ്യസാദൃശ്യത്തിൽ വന്ന (ഫിലി. 2:8) കർത്താവും തമ്മിൽ ഇവിടെ വെളിപ്പെടുത്തിയിരിക്കുന്ന വ്യത്യാസം "പാപം ഒഴികെ" (എബ്രാ. 4:15) എന്നുള്ളതാണ്. നമുക്കു വേണ്ടി ക്രൂശിൽ മരിച്ച കർത്താവ് പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനാണ്. ഈ മഹാപുരോഹിതന്റെ അതിവിശിഷ്ട ഗുണങ്ങളിൽ ഒന്നാണ് 'സഹതാപം' എന്നത്. യെരുശലേമിൽനിന്നും യെരീഹോവിലേക്ക് പോകുമ്പോൾ കള്ളന്മാരുടെ കയ്യിൽ അകപ്പെട്ട് ഉപദ്രവിക്കപ്പെട്ട് അർദ്ധപ്രാണനായി വഴിയിൽ കിടന്ന മനുഷ്യനോട് ആ വഴിയേപോയ ശമര്യാക്കാരൻ കാണിച്ചതും സഹതാപം അഥവാ കരുണയാണല്ലോ. മനുഷ്യരായ നാം നിരവധി ബലഹീനതകളുള്ളവരാണ്. ആരാധനയ്ക്ക് ദൈവസന്നിധിയിൽ ഇരിക്കുമ്പോഴും പലവിധ മാനസിക,

ശാരീരിക ബലഹീനതകളാൽ നാം പ്രയാസപ്പെടുന്നുണ്ട്. ദൈവമക്കളുടെ ബലഹീനതകളെ കാണിക്കുന്ന ചില വചനഭാഗങ്ങൾ താഴെ ഉദ്ധരിക്കുന്നു.

"ബലഹീനതയിൽ വിതയ്ക്കപ്പെടുന്നു, ശക്തിയിൽ ഉയിർക്കുന്നു" (1 കൊരി. 15:43). ഇത് മരണത്തോടു ബന്ധപ്പെട്ടുള്ള പ്രസ്താവനയാണ്. "ബലഹീനതയിൽ ശക്തിപ്രാപിച്ചു" (എബ്രാ. 11:34). ഇത് വിശ്വാസികൾ പോരാട്ടങ്ങളെ എങ്ങനെ നേരിട്ടു എന്നു കാണിക്കുന്നതാണ്. "നിങ്ങളുടെ ജഡത്തിന്റെ ബലഹീനത നിമിത്തം ഞാൻ മാനുഷ രീതിയിൽ പറയുന്നു" (റോമർ 6:19). കൃപയ്ക്ക് അധീനരായ ദൈവമക്കളിൽ തുടർന്നു നിൽക്കുന്ന പാപ സ്വഭാവത്തെപ്പറ്റി വെളിപ്പെടുത്തുമ്പോൾ പൗലൊസ് പറയുന്നതാണ് ഇക്കാര്യം. "ഞാൻ ശരീരത്തിലെ ബലഹീനത നിമിത്തം ഒന്നാമതു നിങ്ങളോടു സുവിശേഷം അറിയിപ്പാൻ സംഗതി വന്നു" എന്നു പൗലൊസ് തന്റെ ശരീരത്തിന്റെ ബലഹീനതയെക്കുറിച്ച് പറയുന്നു (ഗലാ. 4:13). "എന്റെ കൃപ നിനക്കുമതി: എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു" (2 കൊരി. 12:9) എന്ന് കർത്താവ് പൗലൊസിനെ അവന്റെ ജഡത്തിലെ ശൂലത്തെപ്പറ്റി പറഞ്ഞ് ആശ്വസിപ്പിച്ചു. പൗലൊസിന്റെ പ്രതികരണമോ! "ആകയാൽ ക്രിസ്തുവിന്റെ ശക്തി എന്റെമേൽ ആവസിക്കേണ്ടതിന് ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതയിൽ പ്രശംസിക്കും" (2 കൊരി. 12:9).

"അവരുടെ മനസാക്ഷി ബലഹീനമാകയാൽ മലിനമായിത്തീരുന്നു" (1 കൊരി. 8:8). നിങ്ങളുടെ ഈ സ്വാതന്ത്ര്യം ബലഹീനർക്കുയാതൊരുവിധത്തിലും തടങ്ങൽ ആയി വരാതിരിപ്പാൻ നോക്കുവിൻ" (1 കൊരി. 8:9). "ഇങ്ങനെ സഹോദരന്മാരുടെ നേരെ പാപം ചെയ്ത് അവരുടെ ബലഹീന മനസാക്ഷിയെ ദണ്ഡിപ്പിക്കുമ്പോൾ നിങ്ങൾ ക്രിസ്തുവിനോടു പാപം ചെയ്യുന്നു" (1 കൊരി. 8:12).

ബലഹീനത ശരീരസംബന്ധമായോ മാനസീകമായോ ഉണ്ടാകാം എന്ന് കാണിപ്പാൻ വേണ്ടിയാണ് ഇത്രയധികം വാക്യങ്ങൾ ഉദ്ധരിച്ചിരിക്കുന്നത്. മനസാക്ഷിയിലെ ശുദ്ധീകരണമാണ് നമ്മെ ആരാധനയ്ക്ക് പ്രാപ്തരും യോഗ്യരുമാക്കിത്തീർത്തത്. ശുദ്ധീകരണത്തിനു മുഖാന്തിരമായത് കർത്താവായ യേശുവിന്റെ രക്തവും. അതും ദൈവകൃപയാൽ.

നന്മ വസിക്കാത്ത ജഡത്തിൽ വസിച്ചുകൊണ്ട് (റോമർ 7:18) നാം ദൈവത്തെ ആരാധിക്കുമ്പോൾ ശാരീരികമോ മാനസീകമോ ആയ ബലഹീനത നിമിത്തം അറിയേണ്ട കാര്യങ്ങൾ അറിയേണ്ടതുപോലെ അറിയാതിരിക്കയോ, അഥവാ അറിയാൻ ശ്രമിക്കാതിരിക്കയോ കേൾപ്പാൻ മാന്ദ്യതയുള്ള വരായിരിക്കുകയോ (എബ്രാ. 5:11); കാലം നോക്കിയാൽ ഉപദേഷ്ടക്കന്മാരായിത്തീരേണ്ടവരെങ്കിലും പിന്നെയും പിന്നെയും ആദ്യപാഠങ്ങൾ തന്നെ കേൾപ്പാൻ വാഞ്ചിതരായിരിക്കുന്നതുകൊണ്ടോ (എബ്രാ. 5:12); കട്ടിയായിട്ടുള്ള ആഹാരം കഴിപ്പാൻ താല്പര്യമില്ലാതെ വീണ്ടും വീണ്ടും പാൽ തന്നെ കുടിപ്പാൻ താല്പര്യം കാണിക്കുന്നതുകൊണ്ടോ (എബ്രാ. 5:12,13) ആരാധനയിൽ ചിലർക്ക് വാക്കുകൾ വേണ്ടപോലെ ഉച്ചരിപ്പാനോ, യോജിപ്പിക്കേണ്ടതുപോലെ യോജിപ്പിക്കാനോ സാധിച്ചെന്നു വരികയില്ല. വാക്കുകളാൽ പ്രബോധിപ്പിക്കുന്നവർക്ക് ഒരു പക്ഷേ പ്രബോധിപ്പിച്ചെഴുതുന്നവർക്കും ഇത്തരം അപാകതകൾ വന്നേക്കാം. ഇങ്ങനെയൊക്കെ ഉളവാകുന്ന അപാകതകൾ നമ്മോടു ക്ഷമിക്കാൻ തക്കവണ്ണം സഹതാപമാനസമുള്ള മഹാപുരോഹിതനാണ് നമ്മുടെ കർത്താവ്. ഇക്കാര്യങ്ങളെക്കുറിച്ച് വീണ്ടും വീണ്ടും വഴക്കടിക്കാതെ നമുക്ക് വേണ്ടത് തക്കസമയത്ത് കൃപ ലഭിക്കേണ്ടതിന് കൃപാസനത്തിന്റെ അടുക്കലേക്ക് ചെല്ലുകയാണ്. അങ്ങനെയെങ്കിൽ കൃപാബഹുത്വത്താൽ ആരാധന തുടരുവാൻ സാധിക്കും. അല്ലായെങ്കിൽ നമ്മുടെ ആരാധ്യപുരുഷൻ സഹതാപമാനസം ഉള്ളവനെങ്കിലും ചിലപ്പോൾ നമ്മോട് "ഹൃദയത്തിൽ കൈപ്പുള്ള ഈർഷ്യയും ശാഠ്യവും പക്ഷപാതവും കപടവും" (യാക്കോബ് 3:13-18) ഒക്കെ വെച്ചുകൊണ്ട് അർപ്പിക്കുന്ന നിങ്ങളുടെ സ്തോത്രയാഗമൊന്നും എനിക്കു വേണ്ട എന്ന് പറകയില്ലയോ! എന്ന് ഈ എഴുത്തുകാരൻ ശങ്കിക്കുന്നു.

"നാവിനെയോ മനുഷ്യർക്കാർക്കും മരുക്കാവതല്ല. അത് അടങ്ങാത്ത ദോഷം. മരണകരമായ വിഷം നിറഞ്ഞത്. അതിനാൽ നാം കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു. ദൈവത്തിന്റെ സാദൃശ്യത്തിൽ ഉണ്ടായ മനുഷ്യരെ ശപിക്കുന്നു. ഒരു വായിൽ നിന്ന് തന്നെ സ്തോത്രവും ശാപവും പുറപ്പെടുന്നു. സഹോദരന്മാരേ! ഇങ്ങനെയായിരിക്കുന്നതു യോഗ്യമല്ല. ഉറവിന്റെ ഒരേ ദ്വാരത്തിൽ നിന്ന് മധുരവും കയ്പ്പുമുള്ള വെള്ളം പുറപ്പെടുമോ? (യാക്കോബ് 3:8-11). (തുടരും)

# വെളിപ്പാടു പുസ്തകം – ഒരു പഠനം 5

ഡോ. ഒ. എം. ശമുവേൽ

സഭയ്ക്കുവേണ്ടി കർത്താവ് എന്തു ചെയ്തു എന്ന് അടുത്ത വാക്യത്തിൽ വിശദീകരിക്കുന്നു.

“നമ്മെ സ്നേഹിക്കുന്നവനും നമ്മുടെ പാപം പോക്കി നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു തന്റെ പിതാവായ ദൈവത്തിനു നമ്മെ രാജ്യവും പുരോഹിതന്മാരുമാക്കിത്തീർത്തവനുമായവന് എന്നെന്നേക്കും മഹത്വവും ബലവും ആമേൻ”(1: 6).

ഒന്നാമത്തെ കാര്യം അവൻ നമ്മെ സ്നേഹിക്കുന്നവൻ ആണ്. ഇംഗ്ലീഷിൽ ഭൂതകാലത്തിലാണ് പറഞ്ഞിരിക്കുന്നത്. നമ്മെ സ്നേഹിച്ചവൻ അവന്റെ സ്നേഹം ഭൂതകാലത്തോടുള്ള ബന്ധത്തിൽ കാൽവറിക്രൂശിൽ യേശുക്രിസ്തു പ്രദർശിപ്പിച്ചത് ആ ആദ്യസ്നേഹം. അവൻ നമ്മെ സ്നേഹിച്ചു. നമുക്കുവേണ്ടി തന്നെത്താൻ ഏല്പിച്ചുകൊടുത്തു എന്നാണ് പൗലൊസ്അപ്പൊസ്തലൻ പറയുന്നത്. അവൻ ലോകത്തെ സ്നേഹിച്ചത് അവന്റെ ജീവനെ ക്രൂശിൽ പാപപരിഹാരബലിയായി അർപ്പണം ചെയ്തുകൊണ്ടാണ്. എന്നാൽ ആ സ്നേഹം അങ്ങനെ അവസാനിക്കുകയല്ല ചെയ്തത്. ഇന്നും അവൻ നമ്മെ സ്നേഹിച്ചുകൊണ്ടിരിക്കുന്നവനാണ്. അന്ത്യത്തോളം നമ്മെ സ്നേഹിക്കുന്നവനാണ് കർത്താവ്. ഈ സ്നേഹം എത്രയോ നിസ്തുലമായ സ്നേഹപ്രകടനം ആയിരുന്നു. ഈ സ്നേഹം കാരണംകൂടാതെയുള്ള സ്നേഹമാണ്. മാനവരാശിയെ സ്നേഹിക്കാൻ തക്കവണ്ണമുള്ള ഒരു ചെറിയകാരണംപോലും നമുക്ക് ചൂണ്ടിക്കാണിക്കാൻ സാധിക്കുകയില്ല. യിസ്രായേൽ ജാതിയെ ദൈവം തിരഞ്ഞെടുത്തതിന്റെ കാരണം ആവ. 7–ാം അദ്ധ്യായത്തിൽ വ്യക്തമാക്കുന്നു. യിസ്രായേൽ മറ്റുള്ള ജാതികളെക്കാൾ സംഖ്യയിൽ വലുതായതുകൊണ്ടല്ല ഞാൻ നിങ്ങളെ തിരഞ്ഞെടുക്കുന്നത്. നിങ്ങൾ സകല ജാതികളെക്കാളും കുറവുള്ളവരാണ്. എന്നാൽ യഹോവ നിങ്ങളെ സ്നേഹിക്കുന്നതുകൊണ്ടാണ് തിരഞ്ഞെടുത്തത്. കാരണംകൂടാതെയുള്ള നിസ്വാർത്ഥ സ്നേഹം (causeless love) (7:7). ഈ സ്നേഹത്തിന്റെ മറ്റൊരു സവിശേഷത ഈ സ്നേഹം നിത്യമായ സ്നേഹമാണ്. അവൻ നമ്മെ നിത്യസ്നേഹത്താൽ സ്നേഹിച്ചു എന്നാണല്ലോ വായിക്കുന്നത് (യിര. 31:3). മനുഷ്യന്റെ സ്നേഹം മരണംവരെയെ നിലനിൽക്കുകയുള്ളൂ. വിവാഹസമയത്തെ പ്രതിജ്ഞയിലും നാം അങ്ങനെയാണല്ലോ പറയുന്നത്. മരണം നമ്മെ വേർപിരിക്കുന്നതുവരെയുള്ള സ്നേഹം. എന്നാൽ കർത്താവിന്റെ സീമയറ്റുള്ള സ്നേഹം നിത്യതവരെ നിലനിൽക്കുന്നതാണ്. ഈ സ്നേഹം പരിജ്ഞാനത്തെ കവിയുന്ന സ്നേഹമാണ്. ഈ സ്നേഹം അളവില്ലാ സ്നേഹമാണ്. പൗലൊസ് സ്നേഹത്തെക്കുറിച്ച് പറയുമ്പോൾ നാലളവുകളാണ് പറയുന്നത്. കണക്കുശാസ്ത്രമനുസരിച്ച് മൂന്നളവുണ്ടായാൽ വ്യാപ്തി കണ്ടുപിടിക്കാൻ സാധിക്കും. സ്നേഹത്തിന്റെ വ്യാപ്തം നാലളവുകളിലാണ് വിശദീകരിച്ചിരിക്കുന്നത്. ഇങ്ങനെയുള്ള അതുല്യ സ്നേഹത്താൽ അവൻ നമ്മെ സ്നേഹിച്ചു. സ്നേഹിച്ചുകൊണ്ടേയിരിക്കുന്നു. അടുത്ത കാര്യം നമ്മുടെ പാപം പോക്കി, നമ്മുടെ പാപം നമ്മിൽ നിന്നും എന്നേക്കുമായി മാറ്റിക്കളഞ്ഞു. ഉദയം അസ്തമയത്തോട് അകന്നിരിക്കുന്നതുപോലെ അവൻ നമ്മുടെ പാപങ്ങളെ നമ്മിൽ നിന്നു മാറ്റി. പാപം പോക്കി (103:12). പാപം പോക്കിയെന്നതിനോടുള്ള ബന്ധത്തിൽ വേറൊരുഭാഗത്ത് നാം വായിക്കുന്നത് നമ്മുടെ പാപങ്ങളെ സമുദ്രത്തിന്റെ അഗാധതയിൽ ഇട്ടുകളഞ്ഞു. ഇനി അത് ഓർക്കുകയുമില്ല. പഴയനിയമത്തിൽ മഹാപാപ പരിഹാര ദിവസത്തിൽ രണ്ട് ആടുകളിൽ ഒരെണ്ണത്തിനെ അറുക്കുകയും മറ്റൊന്നിനെ മരുഭൂമിയിലേക്ക് വിദൂരതയിലേക്ക് വിടുന്നു. നമ്മുടെ പാപം പോക്കുന്നതിന്റെ അർത്ഥവത്തായ ഒരു ചിത്രമാണിവിടെ കാണാൻ സാധിക്കുന്നത്.

മറ്റൊരുകാര്യം യേശുക്രിസ്തു നമുക്കുവേണ്ടി ചെയ്തത് നമ്മെ തന്റെ രക്തത്താൽ വിടുവിച്ചു എന്നുള്ളതാണ്. യേശുക്രിസ്തുവിന്റെ രക്തത്താൽ പാപത്തിന്റെ ചങ്ങലയെ പൊട്ടിച്ചു വിടുതൽ നൽകി. അഥവാ സ്വാതന്ത്ര്യം നൽകി എന്നുള്ളതാണ്. പാപത്തിന്റെ ബന്ധത്തിൽ നിന്നുള്ള വിടുതൽ എന്നർത്ഥം. ഇതെ കാര്യം മറ്റൊരു വിധത്തിലും ചില ബൈബിളുകളിൽ കാണാം. അവന്റെ രക്തത്താൽ നമുക്കു കഴുകൽ ലഭിച്ചു എന്നുള്ള ആശയവും ഉണ്ട്. രണ്ടും ഒരളവിൽ ശരി തന്നെ. ഈ അനുഗ്രഹീതകാര്യങ്ങൾ നമുക്കുവേണ്ടി കർത്താവ് ചെയ്തത് എന്തിനുവേണ്ടിയായിരുന്നു. നമ്മെ പിതാവായ ദൈവത്തിന് രാജ്യവും പുരോഹിതന്മാരും ആക്കിത്തീർക്കുന്നതിനുവേണ്ടിയാണ്. ഒരു കാലത്ത് സാത്താന്റെ രാജ്യത്തിലെ പ്രജകളായ നമ്മെ കർത്താവ് തന്റെ രാജ്യത്തിലെ പൗരന്മാരാക്കിയിരിക്കുകയാണ്. മറ്റു ചില തർജ്ജമകളിൽ നമ്മെ രാജാക്കന്മാരും പുരോഹിതന്മാരും ആക്കിയെന്നാണ് വായിക്കുന്നത്. നാം ഇന്നു രാജാക്കന്മാരായി വാഴുന്നില്ല എന്നുള്ളത് സത്യമാണെങ്കിലും അനതി വിദൂരഭാവിയിൽ നാം രാജാക്കന്മാരായി രാജാധിരാജാവായ യേശുക്രിസ്തുവിനോടുകൂടെ വാഴും എന്നുള്ളതിൽ സംശയമില്ലല്ലോ? എത്രയോ അഭികാമ്യമായ ഉന്നതമായ പദവിയാണ് കർത്താവ് നമുക്ക് നൽകിയിരിക്കുന്നത്. ഈ കർത്താവിന് എന്നേക്കും മഹത്വവും ബലവും അർപ്പിച്ച് ആരാധിക്കുക എന്നുള്ളതല്ലാതെ മറ്റെന്തു ചെയ്യും. സകല മഹത്വവും ബലവും അവനുള്ളതാണ്. അവൻ അതിനർഹനും ആണ്. എല്ലാ വിനയത്തോടും നന്ദിയോടും കൂടെ മഹത്വസമ്പൂർണ്ണനായ കർത്താവിന്റെ വാക്കുകൾക്ക് ആമേൻ പറയാം. (തുടരും)

# പുതിയനിയമ സഭായോഗങ്ങൾ (തുടർച്ച)

എസ്.ജി. ഗിൽബർട്ട്

**5. മിഷണറിമാരുടെ യോഗം**

ഒന്നാം നൂറ്റാണ്ടിലെ സഭകൾ പലതും മിഷനറിമാരെപറഞ്ഞയയ്ക്കുന്ന സഭകളായിരുന്നു. അന്ത്യോക്യസഭ അതിന് ഉത്തമ ഉദാഹരണമായിരുന്നു. അവിടെനിന്നും ബർണബാസും പൗലൊസും സുവിശേഷ വേലയ്ക്കായി വേർതിരിഞ്ഞപ്പോൾ അവരെ പ്രാർത്ഥിച്ച് സഭയായി പറഞ്ഞയച്ചു (അപ്പൊ. 13:1-3). മിഷണറിമാർ വിവിധ സ്ഥലങ്ങളിൽ സുവിശേഷ വേല ചെയ്ത് മടങ്ങിയെത്തി. ഏതു സഭയാണോ അവരെ പ്രാർത്ഥിച്ച് അയച്ചത് അവിടെത്തന്നെ എത്തിയശേഷം സഭയെ വിളിച്ചുകൂട്ടി പോയവിവരം അറിയിക്കുന്നു. "അവിടെ എത്തിയശേഷം സഭയെ ഒരുമിച്ചുകൂട്ടി ദൈവം തങ്ങളോടുകൂടെ ഇരുന്നു ചെയ്തതൊക്കെയും ജാതികൾക്ക് വിശ്വാസത്തിന്റെ വാതിൽ തുറന്നു കൊടുത്തതും അറിയിച്ചു" (അപ്പൊ. 14:27).

സുവിശേഷ വേലയ്ക്കായി ദൂരെ ദേശങ്ങളിൽ പോയിട്ടുള്ള ദൈവദാസന്മാർ ദൈവത്തോട് കണക്കുകൊടുക്കുന്നതിനൊപ്പം പ്രാർത്ഥിക്കുന്ന മാതൃസഭയോടും കടപ്പെട്ടവരാണ്. ദൈവം വഴിനടത്തുന്ന വിധങ്ങളെയും പ്രവർത്തനങ്ങളെക്കുറിച്ചും പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും അറിയിക്കാൻ കടപ്പെട്ടിരിക്കുന്നു. അങ്ങനെ മിഷണറിമാർക്കായി കൂടുന്ന സഭായോഗങ്ങളെ നാം കാണുന്നു.

നമ്മുടെ ഇടയിൽ ചില സ്ഥലംസഭകൾ അന്ത്യോക്യസഭയെപ്പോലെ മാതൃക കാണിക്കുന്നുണ്ട്. അവരുടെ സഭകളിൽനിന്നും പ്രവർത്തനത്തിനായി പോയിട്ടുള്ളവരെയും കുടുംബങ്ങളെയും വിളിച്ച് സഭായോഗങ്ങൾ കൂടുന്നത് മറ്റു സഭകൾക്കും മാതൃകയായിട്ടുള്ള വിഷയമാണ്. കെ.ഇ.എം. ഫണ്ട്, ജി.എഫ്.റ്റി. ആയ് ഫണ്ട് തുടങ്ങിയവരുടെ നേതൃത്വത്തിൽ മിഷണറിമാരുടെ സമ്മേളനങ്ങൾ നടത്തി സാക്ഷ്യങ്ങൾ കേൾക്കയും അവരെ വേലയിൽ ധൈര്യപ്പെടുത്തുകയും ചെയ്യുന്നത് വളരെ നല്ല കാര്യമാണ്. മിഷണറിമാർക്കായിട്ടുള്ള സഭായോഗങ്ങൾ ഒന്നാം നൂറ്റാണ്ടിൽ നടന്നിരുന്നു.

**6. ശുശ്രൂഷകന്മാരുടെയും മൂപ്പന്മാരുടെയും യോഗം**

ഒന്നാം നൂറ്റാണ്ടിൽ ശുശ്രൂഷകന്മാരും മൂപ്പന്മാരും ഒന്നിച്ചുകൂടുന്ന യോഗങ്ങൾ ഉണ്ടായിരുന്നു. 'ഈ സംഗതിയെക്കുറിച്ച് വിചാരിപ്പാൻ അപ്പൊസ്തലന്മാരും മൂപ്പന്മാരും വന്നുകൂടി" (അപ്പൊ. 15:6). സഭയിലെ പ്രശ്നകരമായ വിഷയങ്ങൾ കൈകാര്യം ചെയ്യാൻ സഭയെ മൊത്തം വിളിച്ചുകൂട്ടേണ്ടതില്ല. ശുശ്രൂഷകന്മാരും മൂപ്പന്മാരും ഒന്നിച്ചുകൂടി പ്രാർത്ഥനയോടുകൂടി തീരുമാനങ്ങൾ എടുത്തിട്ട് സഭയെ അറിയിക്കയാണ് വേണ്ടത്. ചില അത്യാവശ്യ സന്ദർഭത്തിൽ സഭയിലെ എല്ലാ സഹോദരന്മാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ആലോചനായോഗങ്ങളും ആവശ്യമായി വരും. അന്നേരം നേരത്തെ തന്നെ ശുശ്രൂഷകന്മാരും മൂപ്പന്മാരും ചേർന്ന് ഐക്യതയിൽ തീരുമാനത്തിലെത്തിയിട്ടു വേണം എല്ലാ സഹോദരന്മാരെയും വിളിച്ചുകൂട്ടുവാൻ. സഭയുടെ ആത്മീയ പുരോഗതിയെക്കുറിച്ച് വിലയിരുത്തുവാനും പ്രാർത്ഥിക്കുവാനുമായി മാസത്തിൽ ഒരു പ്രാവശ്യമെങ്കിലും ശുശ്രൂഷകന്മാരും മൂപ്പന്മാരും ഒത്തൊരുമിച്ച് കൂടേണ്ടതാണ്.

**7. സഭയുടെ ശിക്ഷണനടപടിക്കുള്ള യോഗം**

കൊരിന്തുസഭയിലെ ദുർനടപ്പുകാരനായ മനുഷ്യനോടുള്ള ബന്ധത്തിൽ ശിക്ഷണനടപടി എടുക്കാനായി യോഗം കൂടുന്നു. "നിങ്ങളും എന്റെ ആത്മാവും നമ്മുടെ കർത്താവായ യേശുവിന്റെ ശക്തിയോടെ ഒന്നിച്ചു കൂടിയിട്ടു നമ്മുടെ കർത്താവായ യേശുവിന്റെ നാമത്തിൽ അവനെ ആത്മാവ് കർത്താവായ യേശുവിന്റെ നാളിൽ രക്ഷിക്കപ്പെടേണ്ടതിന് ജഡസംഹാരത്തിനായി സാത്താനു ഏല്പിക്കേണം എന്നു വിധിച്ചിരിക്കുന്നു" (1 കൊരി. 5:4-5). ശിക്ഷണ നടപടി എടുക്കുമ്പോൾ സഭ കൂടുന്നതായി കാണുന്നു.

മുകളിൽ പറഞ്ഞിരിക്കുന്ന 7 സഭായോഗങ്ങളെക്കുറിച്ച് പുതിയനിയമത്തിൽ നാം കാണുന്നു. ക്രൈസ്തവ സഭയുടെ പ്രാരംഭകാലത്തിലെ 30 വർഷത്തെ ചരിത്രം മാത്രമെ പ്രവർത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. സഭകൾ വളരുംതോറും യോഗങ്ങളുടെ എണ്ണവും വർദ്ധിക്കും. കേവലം തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന 7 യോഗങ്ങളെക്കൂടാതെ വേറെയും യോഗങ്ങൾ പ്രാദേശിക സഭയുടെ നടത്തിപ്പിനായി ആവശ്യമായിവരുന്നു. അങ്ങനെയുള്ള മറ്റു ചില യോഗങ്ങളെക്കൂടെ താഴെ പരിചയപ്പെടുത്തുന്നു.

**a. ഭവനയോഗം.** ഭവനങ്ങളിൽ വച്ചു നടത്തപ്പെടുന്ന യോഗങ്ങളെ ഭവനയോഗങ്ങൾ എന്നു വിളിക്കാം. 1-ാം നൂറ്റാണ്ടിൽ ഇന്നുള്ളതുപോലെ ദൈവജനത്തിനു കൂടുവാൻ സഭാഹാൾ ഉണ്ടായിരുന്നില്ല. ഞായറാഴ്ചയുള്ള ആരാധന മുതൽ എല്ലാ യോഗങ്ങളും ഭവനങ്ങളിൽ വെച്ചു നടന്നിരുന്നു. ഇന്ന് സഭാഹാൾ ഇല്ലാത്ത ഇടങ്ങളിൽ അങ്ങനെനടന്നു വരുന്നു. ഭവനങ്ങളിൽ സഭയായി പ്രാർത്ഥനയ്ക്കായിട്ടോ സാക്ഷിയോഗത്തിനായിട്ടോ

കൂടിയാൽ അതിനെ സഭായോഗം എന്നു പറയാം.

**b. സ്ത്രീകളുടെ യോഗം** – സ്ത്രീകൾക്കുവേണ്ടി യുള്ള ശുശ്രൂഷയെക്കുറിച്ച് തീത്തോസ് 2:2-4 വരെ പറയുന്നുണ്ട്. കർത്താവിൽ വളരെ അദ്ധ്വാനിച്ച സഹോദരിമാരെക്കുറിച്ചും നാം വായിക്കുന്നു (റോമ. 16:12). സഭകളിൽ സഹോദരിമാരുടെ ആത്മീയ വളർച്ചയ്ക്ക് സഹോദരിമാരുടെ പ്രത്യേകാൽ യോഗങ്ങൾ പലയിടങ്ങളിൽ നടക്കുന്നുണ്ട്.

**c. സണ്ടേസ്കൂൾ, ബാലസംഘം, യൂത്ത് മീറ്റിംഗ്**

സഭയുടെ വളർച്ചയ്ക്കായി സണ്ടേസ്കൂളും ബാലസംഘവും യൂത്ത് മീറ്റിംഗും ആവശ്യമാണ്. ഇതെല്ലാം സഭയുടെ നിയന്ത്രണത്തിൽ ആയിരിക്കണം. സഭയുടെ ചുമതലയിൽ കൂടുന്ന ഏതുയോഗങ്ങളെയും സഭായോഗങ്ങൾ എന്നു പറയാം.

**d. സുവിശേഷ യോഗങ്ങൾ**

സുവിശേഷം അറിയിക്കുവാൻ സഭ ക്രമീകരിക്കപ്പെടുന്ന യോഗങ്ങളാണ് സുവിശേഷ യോഗങ്ങൾ. എല്ലാ വർഷവും പതിവായി കൺവൻഷൻ നടത്തുന്ന സഭകൾ ഉണ്ട്. വർഷത്തിൽ ഒരിക്കൽ മാത്രമുള്ള കൺവൻഷൻകൊണ്ട് തൃപ്തിപ്പെടാതെ കൂടെക്കൂടെ സുവിശേഷ യോഗങ്ങൾ സഭയിൽ ഉണ്ടായിരിക്കണം.

മുകളിൽ പറഞ്ഞിരിക്കുന്ന എല്ലാ യോഗങ്ങളും സഭ ക്രമീകരിച്ചു നടത്തുന്ന സഭായോഗങ്ങളാണെങ്കിലും എല്ലാ യോഗങ്ങളും ആരാധനായോഗമല്ല. ഓരോ ഉദ്ദേശ്യങ്ങൾക്കായിട്ടാണ് ഓരോ യോഗങ്ങൾക്കും സഭ കൂടുന്നത്. എല്ലാ യോഗങ്ങളിലും പാട്ട്, പ്രാർത്ഥന തുടങ്ങി ദൈവത്തെ സ്തുതിച്ച് മഹത്വപ്പെടുത്തുന്ന ഭാഗങ്ങൾ വരുന്നുണ്ട്. അങ്ങനെ എല്ലാ യോഗങ്ങളിലും ദൈവനാമം മഹത്വപ്പെടുന്നുണ്ട്.

നമ്മുടെ എല്ലാ കൂടിവരവുകളുടെയും ലക്ഷ്യം ദൈവനാമ മഹത്വമാണ്. സാധാരണയുള്ള എല്ലാ യോഗങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് ഞായറാഴ്ചയുള്ള സഭായോഗം. ഞായറാഴ് കൂടിവരവിനുള്ള പ്രത്യേകത എന്താണ്? കർത്താവ് തിരുസഭയ്ക്ക് ഏല്പിച്ചുകൊടുത്ത കല്പന പ്രകാരം കർത്തൃമേശ ആചരിക്കണം. കർത്തൃമേശയല്ല ആരാധന. ആരാധനയിൽ കർത്തൃമേശയ്ക്ക് മുഖ്യമായ പങ്കുണ്ട്. കർത്താവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേല്പ്, അവനിൽക്കൂടെയുള്ള വീണ്ടെടുപ്പ് ഇവ ഓർത്ത് പിതാവായ ദൈവത്തെ ആരാധിക്കാൻ കർത്തൃമേശ മുഖ്യഘടകമായിരിക്കുന്നു. കർത്തൃമേശയോടുകൂടെയുള്ള ആരാധന ഒഴികെ മറ്റൊരു യോഗത്തെയും സഭയുടെ ആരാധനായോഗം എന്നു പറയാവുന്നതല്ല.

ആദിമ സഭ അതിന്റെ ക്രമീകൃതമായ നിലയിൽ വന്നശേഷം ഞായറാഴ്ചയുള്ള വിശുദ്ധസഭായോഗം ഒഴികെ മറ്റൊരു സഭായോഗങ്ങളിലും അവർ കർത്തൃമേശ ആചരിച്ചതായി കാണുന്നില്ല. ഞായറാഴ്ച അല്ലാതെ അപ്പൊസ്തലന്മാർ കർത്തൃമേശ ആചരിച്ചതായി കാണാത്തതിനാൽ നാം ഇടയോഗങ്ങളിൽ കർത്തൃമേശ ആചരിക്കാതിരിക്കുന്നതാണ് നല്ലത്. കർതൃമേശ കൂടാതെയും സഭയായി ദൈവത്തെ ആരാധിക്കാം എന്നുള്ള അഭിപ്രായത്തിൽ ചില യൂത്ത് ക്യാമ്പുകളിൽ ആരാധന നടന്നിട്ടുണ്ട്. അതിൽ പങ്കെടുത്ത ചില ചെറുപ്പക്കാർ അവരുടെ സഭകളിൽ ഞായറാഴ്ച ആരാധനയ്ക്ക് വന്നില്ല. ചോദിച്ചപ്പോൾ ഞങ്ങൾ കഴിഞ്ഞ ദിവസം ക്യാമ്പിൽ വെച്ച് ദൈവത്തെ ആരാധിച്ചതാണ് എന്നു പറഞ്ഞു.

കർത്തൃമേശ കൂടാതെ സഭയായി ദൈവത്തെ ആരാധിക്കാം എന്ന അഭിപ്രായം ഉന്നയിച്ചാൽ കർത്തൃമേശയുടെ പ്രാധാന്യം കുറയുവാനും യുവജനത്തിന്റെ മദ്ധ്യത്തിൽ തെറ്റായ ചിന്താഗതി ഉണ്ടാകാനും ഇടയാകും. അപ്പൊസ്തലിക മാതൃക തന്നെ നമുക്കും മാതൃകയായിരിക്കുന്നതാണ് ഉത്തമം. ഞായറാഴ്ച വിശുദ്ധസഭായോഗത്തിൽ മാത്രം കർത്തൃമേശ ആചരിക്കുക. ആ യോഗത്തെ മാത്രം ആരാധനായോഗം എന്നു പറയുകയും മനസ്സിലാക്കുകയും ചെയ്യുക. മറ്റുള്ള യോഗങ്ങൾ എല്ലാം അതാതു യോഗങ്ങളുടെ ഉദ്ദേശ്യത്തോടു ബന്ധപ്പെട്ടാണ് അറിയപ്പെടുന്നതും അറിയപ്പെടേണ്ടതും.●

## ബ്രദറൺ ബൈബിൾസ്കൂൾ – മലബാർ

മലബാറിൽ ഒരു ബൈബിൾ സ്കൂൾ ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിക്കുന്നു.

| | |
|---|---|
| സ്ഥലം | – നീലേശ്വരം |
| സമയം | – 2010 മെയ് 15 ന് ആരംഭിക്കുന്നു. |
| കാലദൈർഘ്യം | – ഒരു വർഷം |
| മീഡിയം | – മലയാളം |

രക്ഷിക്കപ്പെട്ട്, സ്നാനപ്പെട്ട് സഭാകൂട്ടായ്മയിലുള്ളവർ ഏപ്രിൽ 15 ന് മുമ്പ് ലഭിക്കത്തക്ക നിലയിൽ സ്ഥലംസഭയുടെ ശുപാർശയോടുകൂടെ അപേക്ഷിക്കുക. അപേക്ഷാഫോറം സെക്രട്ടറിയിൽ നിന്നും ലഭിക്കുന്നതാണ്. പ്രാപ്തന്മാരായ ദൈവദാസന്മാർ ക്ലാസ്സുകൾ എടുക്കുന്നതായിരിക്കും. വിലാസം Secretary, Brethren Bible School - Malabar, Perole, Nileshwar, Kasargod (Dist) - 671 314, Mob. 9495181788. എന്ന് കെ.എം. ജോൺ, സെക്രട്ടറി.

# പ്രായോഗിക ക്രിസ്തീയ ജീവിതം – 6

തോമസ് ഏബ്രഹാം, അറ്റ്ലാന്റാ

വീണ്ടുംജനനം ദൈവം നടത്തുന്ന പ്രവർത്തിയാണ്. ജനനത്താൽ ഒരു കുടുംബത്തിന്റെ അംഗമാകുന്നു; രാജ്യത്തിന്റെ പ്രജയാകുന്നു. ഇതുപോലെ ആത്മീയ ജനനത്താൽ ദൈവരാജ്യത്തിന്റെയും ദൈവഭവനത്തിന്റെയും അംഗമായിത്തീരുന്നു. വീണ്ടുംജനനം ഒരിക്കൽ എന്നേക്കുമായി സംഭവിക്കുന്നതാണ്. ശാരീരിക ജനനം ഒരിക്കൽ മാത്രമായിരിക്കുന്നതുപോലെ ആത്മീയ ജനനവും ആവർത്തിക്കപ്പെടുന്നില്ല. ഇതിനെ പുനർജനനസ്നാനം എന്ന് (തീത്തോ. 3:4–7).

ദൈവം എല്ലാവരേയും രക്ഷിപ്പാൻ ആഗ്രഹിക്കുന്നു. അവൻ സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ആഗ്രഹിക്കുന്നു (1 തിമൊ. 2:4). ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ ദൈവം ഇച്ഛിക്കുന്നു (2 പത്രൊസ് 3:9). "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹ. 3:16). ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രെ (3:17).

രക്ഷയെ സംബന്ധിച്ച സകല കാര്യങ്ങളും ദൈവത്തിൽ നിന്നു മാത്രമാണ് (തീത്തോസ് 3:4–7).

**1. രക്ഷ നമുക്കു ലഭിച്ചത് നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ ദയയാലാണ്.** 'ദയ എന്നത് ദൈവത്തിന്റെ സ്വഭാവമാണ്. ദൈവത്തിന്റെ ദയയുടെ വലിപ്പത്തെപ്പറ്റി സങ്കീർത്തനങ്ങളിൽ ധാരാളമായി വിവരിച്ചിരിക്കുന്നതു കാണാം. ശത്രുവിനോട് ദയ കാണിക്കുന്നത് ദൈവത്തിന്റെ ദയയാണ്. ദാവീദ് മെഫീബോശെത്തിനോട് കാണിച്ച ദയ ദൈവത്തിന്റെ ദയയായിരുന്നു (2 ശമു. 9:3). ദൈവത്തിന്റെ ദയ എന്നേക്കുമുള്ളതാണ്. തന്നിലാശ്രയിക്കുന്നവനെ ദയ ചുറ്റിക്കൊള്ളുന്നു. അവന്റെ ദയ രക്ഷിക്കുന്ന ദയയാണ്. അത് നിരന്തരമായ ദയയാകുന്നു. അത് ജീവനെക്കാൾ നല്ലതാകുന്നു. സദാകാലത്തേയ്ക്ക് നിലനിൽക്കുന്നതും ഉറച്ചു നിൽക്കുന്നതുമാകുന്നു. ഇത് ആകാശത്തിനു മീതെ ഉയർന്നിരിക്കുന്നതാണ്. അത് തന്റെ ഭക്തന്മാർക്ക് അത്ഭുതമായിരിക്കുന്നു (സങ്കീ. 31:21). ദൈവം ദുഷ്ടന്മാരോടും ദയാലുവല്ലോ (ലൂക്കൊസ് 6:35). ഇങ്ങനെ നശിച്ചുപോകുന്നവരോട് ദയ കാട്ടുന്നത് ദൈവത്തിന്റെ സ്വഭാവമാണ്. പാപിയായ മനുഷ്യൻ നിത്യനരകത്തിൽ കിടന്ന് ദണ്ഡനം അനുഭവിക്കുന്നത് മുൻകണ്ടിട്ട് അവനോട് തോന്നുന്ന മനസ്സലിവാണ് ദയ. "അവൻ നന്ദികെട്ടവരോടും ദുഷ്ടന്മാരോടും ദയാലുവല്ലോ. അങ്ങനെ നിങ്ങളുടെ പിതാവ് മനസ്സലിവുള്ളവൻ ആകുന്നതുപോലെ നിങ്ങളും മനസ്സലിവുള്ളവർ ആകുവിൻ" (ലൂക്കൊസ് 6:36).

**2. ദൈവത്തിന്റെ മനുഷ്യപ്രീതി (His love for mankind) നിമിത്തം നാം രക്ഷിക്കപ്പെട്ടിരിക്കുന്നു.** ദൈവത്തിന് മനുഷ്യവർഗ്ഗത്തോട് സ്നേഹം തോന്നി. മനുഷ്യപ്രീതി എന്ന വാക്കിന് ഗ്രീക്കിൽ Philanthropia എന്നു പറയുന്നു. ഈ വാക്ക് അപ്പൊസ്തല പ്രവർത്തിയിൽ രണ്ടിടത്ത് ഉപയോഗിച്ചിട്ടുണ്ട്. ഒന്ന് ശതാധിപനായ യൂലിയോസ് പൗലൊസിനോട് ദയ കാണിച്ചു (അപ്പൊ. 27:3). പൗലൊസിനോട് മനുഷ്യപ്രീതി കാണിച്ചു എന്നർത്ഥം. രണ്ടാമത് കപ്പൽച്ഛേദത്തിൽ നിന്നും രക്ഷപെട്ടവരോട് മെലിത്താ ദ്വീപുകാർ അസാധാരണ ദയ കാണിച്ചു (അപ്പൊ 28:2). അഥവാ മനുഷ്യപ്രീതി കാണിച്ചു. ഈ തരത്തിലുള്ള പ്രീതി (love) ദൈവത്തിന് മനുഷ്യരോട് തോന്നി. അതും ദൈവത്തിന്റെ സ്വഭാവമാണ്. യഹോവ കൃപയും കരുണയും ഉള്ളവൻ തന്നെ (സങ്കീ. 111:4). ഈ പ്രീതി അഥവാ സ്നേഹം (agape) മഹാസ്നേഹമാകുന്നു (യോഹ 3:16). ഇത് യേശുക്രിസ്തുവിൽക്കൂടെയാണ് ദൈവം വെളിപ്പെടുത്തിയത്. അപ്പോൾ സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചു (തീത്തൊസ് 2:11)

**3. ദൈവം തന്റെ കരുണപ്രകാരം നമ്മെ രക്ഷിച്ചു.** രക്ഷ എന്നത് പാപത്തിന്റെ ശിക്ഷയിൽ നിന്നുള്ള വിടുതലാണ്. ശിക്ഷാവിധി എന്നത് ദൈവത്തിന്റെ ക്രോധമാണ്. അവ നിത്യമായ മരണവും നിത്യനരകവുമാണ്. എന്നാൽ ദൈവം തന്റെ പുത്രനെ ലോകത്തിലേയ്ക്കയച്ചത് ലോകത്തെ ന്യായം വിധിപ്പാനല്ല; ലോകം അവനാൽ രക്ഷിക്കപ്പെടേണ്ടതിനാണ് (യോഹ. 3:17). ദൈവം നമുക്ക് രക്ഷ നൽകിയത്; നാം സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും (1 തിമൊ. 2:4). ക്രിസ്തുവിനോടുകൂടെ ജീവിപ്പാനും (എഫെ. 2:5). ഇരുട്ടിന്റെ അധികാരത്തിൽ നിന്ന് വിടുവിച്ച് സ്നേഹസ്വരൂപനായ പുത്രന്റെ രാജ്യത്തിലാക്കുവാനും (കൊലൊ. 1:13) നിത്യജീവന്റെ പ്രത്യാശ ഇപ്പോൾ തരുവാനുമായിട്ടാണ് (തീത്തൊസ് 1:2). ആകയാൽ യേശുക്രിസ്തു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്ന സംഗതി എല്ലാവർക്കും വിശ്വസിപ്പാനും അംഗീകരിപ്പാനും യോഗ്യമായ വച

നമാണ് (1 തിമൊ. 1:15) ആ പാപികളിൽ നാമും എണ്ണപ്പെട്ടവരായിരുന്നു (എഫെ. 2:5).

നാം എന്തെങ്കിലും ഒരു ചെറിയ പ്രവർത്തി പോലും ചെയ്തതിന്റെ അടിസ്ഥാനത്തിലല്ല; ദൈവം നമ്മെ രക്ഷിച്ചത്. കൃപയാലല്ലോ വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല ദൈവത്തിന്റെ ദാനമത്രെ ആകുന്നു. ആരും പ്രശംസിപ്പാതിരിപ്പാൻ പ്രവർത്തികളും കാരണമല്ല (എഫെ. 2:8,9). നാം ഒരു നന്മയ്ക്കും യോഗ്യരല്ലായിരുന്നു. ന്യായവിധിയിൽ നിന്നുള്ള വിടുതലിനോ, രക്ഷയ്ക്കോ, വീണ്ടും ജനനത്തിനോ, ദൈവമക്കളായിത്തീരുന്നതിനോ, സ്വർഗ്ഗീയ അവകാശം ലഭിക്കുന്നതിനോ അർഹരല്ലാതിരിക്കെ, ഇതെല്ലാം ദൈവത്തിന്റെ ദാനമായി നമുക്ക് അവന്റെ കരുണപ്രകാരം ലഭിച്ചു. കൃപ പാപത്തോടും കരുണ പാപം നിമിത്തം അനുഭവിപ്പാൻ പോകുന്ന ദുരിതത്തോടും ബന്ധപ്പെട്ടിരിക്കുന്നു. കൃപ, പാപം ക്ഷമിക്കുന്നു. കരുണ, ന്യായവിധിയുടെ ദുരിതത്തിൽ കാട്ടുന്ന മനസ്സലിവാണ്. കൃപ എന്നത് പുറമെ കാണുവാൻ കഴിയും വിധം വെളിപ്പെടുത്തുന്ന മനസ്സലിവാണ്. കൃപയുടെ അത്യന്തധനം വരും കാലങ്ങളിൽ കൂടുതൽ വെളിപ്പെടും (എഫെ. 2:6).

**4. നാം നിത്യജീവന്റെ അവകാശികളായിത്തീരുന്നത് (രക്ഷിക്കപ്പെടുന്നത്) പുനർജനന സ്നാനം കൊണ്ടാണ്.** (washing of regeneration)

രക്ഷിക്കപ്പെടുന്നത് നമ്മുടെ പാപങ്ങൾ കഴുകിക്കളയുന്നതിനാലാണ്. വചനത്തോടുകൂടിയ ജലസ്നാനത്താൽ (കഴുകലിനാൽ) നാം ശുദ്ധീകരിക്കപ്പെട്ടു (എഫെ. 5:26). സത്യത്തിന്റെ വചനത്താലാണു നമ്മെ വീണ്ടും ജനിപ്പിച്ചിരിക്കുന്നത് (യാക്കോബ് 1:18). ജീവനുള്ളതും നിലനിൽക്കുന്നതുമായ ദൈവവചനത്താൽ തന്നെ നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു (1 പത്രൊസ് 1:23). പുനർജനനം കാണിക്കുന്നത് പുതുതായുള്ള ജനനത്തെയാണ്. പുതിയ ജീവൻ അത് നിത്യജീവനാണ്. “ആമേൻ ആമേൻ ഞാൻ നിന്നോട് പറയുന്നു; വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ലായെങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയില്ല (യോഹ. 3:5). അതിനുമുമ്പ് കർത്താവ് പറയുന്നത് “ആമേൻ ആമേൻ ഞാൻ നിന്നോടു പറയുന്നു. പുതുതായി ജനിച്ചില്ലാ എങ്കിൽ ദൈവരാജ്യം കാൺമാൻ ആർക്കും കഴിയില്ല (യോഹ. 3:3). പുതുതായി ജനിക്കുന്നത് ആത്മാവിനാലാണ്. യേശുവിനെ ക്രിസ്തു എന്നു വിശ്വസിക്കുന്നവനെല്ലാം ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നു. (1 യോഹ. 5:1). പുനർജനന കഴുകലിനാൽ നാം നിത്യജീവന്റെ അവകാശികളായിത്തീർന്നു. നമ്മുടെ പാപങ്ങൾ കഴുകി ശുദ്ധീകരിക്കപ്പെട്ടതിനാൽ നാം പാപവിമുക്തരാകുകയും നിത്യജീവൻ പ്രാപിക്കുകയും ചെയ്തു.

**5. നാം അവന്റെ (ദൈവത്തിന്റെ) കൃപയാൽ നീതീകരിക്കപ്പെട്ടു.** അവൻ നമ്മെ രക്ഷിക്കയും വിശുദ്ധവിളികൊണ്ട് വിളിക്കയും ചെയ്തത് നമ്മുടെ പ്രവൃത്തികൾ നിമിത്തമല്ല; . . . . തന്റെ സ്വന്ത നിർണ്ണയത്തിനും കൃപയ്ക്കും ഒത്തവണ്ണം അത്രെ (2 തിമൊ. 1:9-10). പ്രവർത്തിക്കുന്നവനു കൂലികണക്കിടുന്നതു കൃപയായിട്ടല്ല കടമായിട്ടത്രെ (റോമർ 4:4). പ്രവർത്തിക്കാത്ത നമുക്കു ലഭിച്ച നീതീകരണം കൃപയാൽ ആണ്. ദൈവത്തിന്റെ നീതി ഏതുകാലത്തുമുള്ള മനുഷ്യനു ലഭിക്കുന്നത് കൃപയാലത്രെ. ന്യായപ്രമാണത്തിനു മുമ്പ് ജീവിച്ചിരുന്ന അബ്രഹാമിനെ നീതീകരിച്ചത് കൃപയാലാണ്. “അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു. അത് അവന് നീതിയായി കണക്കിട്ടു” (റോമ. 4:3). അഗ്രചർമ്മത്തിൽ വെച്ച് തന്നെ അവനുണ്ടായ വിശ്വാസത്തെ നീതിയായി കണക്കിട്ടു.

ന്യായപ്രമാണത്തിന്റെ കീഴിൽ ജീവിച്ചിരുന്ന ദാവീദും കൃപയാലത്രെ നീതീകരിക്കപ്പെട്ടത്. അവന്റെ അധർമ്മം മോചിച്ചും പാപം മറച്ചും കിട്ടിയത് കൃപയാലത്രെ. പുതിയനിയമ കാലത്ത് ലഭിക്കുന്ന നീതീകരണവും കൃപയാലാണല്ലോ ലഭിക്കുന്നത്. ഇത് കൃപാകാലമാണ് (റോമർ 4:1-10, 23-25). അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രെ നീതീകരിക്കപ്പെടുന്നത് (റോമർ 3:24). കൃപ നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തിരം നീതിയാൽ നിത്യജീവനായി വാഴുന്നു (റോമ. 5:21).ഈ വിധം ദൈവത്തിന്റെ കൃപയാൽ നാം നീതീകരിക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്തിരിക്കുന്നു. നമ്മുടെ അതിക്രമങ്ങൾ നിമിത്തം മരണത്തിനു ഏല്പിച്ചും നമ്മുടെ നീതീകരണത്തിനായി ഉയിർപ്പിച്ചുമിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം ദൈവത്തിന്റെ കൃപയാൽ നാം നീതീകരിക്കപ്പെട്ടിരിക്കുന്നു.

നീതീകരണം കോടതി ഭാഷയാണ്. ദൈവം നമ്മെ സ്വർഗ്ഗീയ കോടതിയിൽ നീതീകരിച്ചിരിക്കുന്നു. ദൈവം തിരഞ്ഞെടുത്തവരെ ആർ കുറ്റം ചുമത്തും? നീതീകരിക്കുന്നവൻ ദൈവം ശിക്ഷ വിധിക്കുന്നവൻ ആർ? (റോമർ 8:33). രക്ഷ ലഭിച്ചതു കൃപയാലാണെന്നു തെളിയിപ്പാൻ പൗലൊസ് തന്റെ സ്വന്ത ജീവിതത്തെ തന്നെ ഉദാഹരണമായി പറ

ഞ്ഞിരിക്കുന്നു. നീതീകരണത്തിനായി ന്യായപ്രമാണ പ്രകാരം വല്ലതും ചെയ്യുവാൻ കഴിയേണ്ട തിനു ജഡത്തിൽ ആശ്രയിപ്പാൻ വകയുണ്ടെങ്കിൽ, അതിൽ മറ്റാരെക്കാളും അധികം പൗലൊസിനു പ്രശംസിപ്പാൻ വകയുണ്ട്. 8-ാം നാൾ പരിച്ഛേദന യേറ്റവൻ, യിസ്രായേൽ ജാതിക്കാരൻ, ബെന്യാമീൻ ഗോത്രക്കാരൻ, എബ്രായരിൽ നിന്നു ജനിച്ച എബ്രായൻ, ന്യായപ്രമാണം സംബന്ധിച്ചു പരീശൻ, ശുഷ്കാന്തി സംബന്ധിച്ചു സഭയെ ഉപദ്രവിച്ചവൻ, ന്യായപ്രമാണനീതി സംബന്ധിച്ച് അനിന്ദ്യൻ (ഫിലി. 3:4-6) എന്നാൽ ഇതിലൊന്നും തനിക്കു പ്രശംസിപ്പാൻ വകയില്ല. ഇതെല്ലാം ചേതം എന്നു താൻ കണ്ടു. ക്രിസ്തുയേശുവിൽ പ്രശംസിക്കുന്നു. കാരണം കൃപയാലെയാണ് രക്ഷ ലഭിക്കുന്നത് എന്നുള്ളതിനാൽ തന്നെ.

**6. നാം രക്ഷിക്കപ്പെട്ടതിനു കാരണം നമ്മുടെ രക്ഷിതാവായ യേശുക്രിസ്തുവാണ്.** അവൻ നമുക്ക് പകരമായി പ്രായ്ചിത്തയാഗമായി ത്തീർന്നു. ഇതു സംഭവിച്ചത് ദൈവത്തിന്റെ സ്ഥിര നിർണ്ണയത്താലും മുന്നറിവിനും ഒത്തവണ്ണമായിരുന്നു (അപ്പൊ. 2:23). നമ്മുടെ പാപം മുഴുവൻ പാപ മറിയാത്തവന്റെ മേൽ ചുമത്തി. “പാപമറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപമാക്കി (2 കൊരി. 5:21). പാപികളായിരുന്ന നമ്മുടെ സ്ഥാനത്ത് പാപം അറിയാത്ത കർത്താവായ യേശു നമ്മുടെ പാപം വഹിച്ചുകൊണ്ടു നിന്നു. നാം ഏല്ക്കേണ്ടിയിരുന്ന പാപത്തിന്റെ ശിക്ഷ മുഴുവൻ നമുക്കു വേണ്ടി കർത്താവായ യേശു അനുഭവിച്ചു. പിതാവ് അത് അനുവദിച്ചു. പാപത്തിന്റെ ശിക്ഷയായ മരണം ക്രിസ്തു ക്രൂശിൻ അനുഭവിച്ചു. ഇങ്ങനെ അവൻ നമുക്കുവേണ്ടി പ്രായ്ഛിത്തയാഗമായി തീർന്നു. അതുമൂലം നാം ദൈവസന്നിധിയിൽ നീതീകരിക്കപ്പെട്ടു. ആയതിനാൽ നാം രക്ഷിക്കപ്പെടുന്നതിനുകാരണം നമ്മുടെ കർത്താവായ യേശുക്രിസ്തു മാത്രമാണ്.

**7. നാം രക്ഷിക്കപ്പെട്ടത് നമ്മുടെമേൽ ധാരാളമായി പകർന്ന പരിശുദ്ധാത്മാവിന്റെ നവീകരണം മൂലമാണ്.** പരിശുദ്ധാത്മാവ് ജീവന്റെ ആത്മാവാണ്. ആ ജീവന്റെ ആത്മാവിന്റെ പ്രമാണം നമുക്ക് പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് (ന്യായപ്രമാണം) ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു (റോമ. 8:2). പരിശുദ്ധാത്മാവ് ദൈവവചനത്തിലൂടെ പ്രവർത്തിച്ച് നമ്മെ പുതിയ സൃഷ്ടിയാക്കി തീർക്കുന്നു. ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി. ഇതാ അതു പുതുതായി തീർന്നിരിക്കുന്നു (2 കൊരി. 5:17). ഇത് ആത്മാവിന്റെ വിശുദ്ധീകരണം മൂലമാകുന്നു (1 പത്രൊസ് 1:2). ഈ വിശുദ്ധീകരണം ഒടുവിൽ ആത്മാവാകുന്ന കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സ് പ്രാപിച്ച് നാം എല്ലാവരും കർത്താവിന്റെ പ്രതിമയായി രൂപാന്തിരപ്പെടും (2 കൊരി. 3:18).

നാം രക്ഷിക്കപ്പെട്ടപ്പോൾ രക്ഷിക്കപ്പെടേണ്ടതിനായി ദൈവം തന്റെ പരിശുദ്ധാത്മാവിനെ ധാരാളമായി നമ്മുടെ മേൽ പകർന്നു. നമ്മിൽ വ്യാപരിക്കുന്ന പരിശുദ്ധാത്മശക്തി നാം ചോദിക്കുന്നതിലും നിനക്കുന്നതിലും അത്യന്തം പരമായി ചെയ്യുവാൻ കഴിയുന്നതാണ് (എഫെ. 3:20). ആത്മീക കാര്യങ്ങൾ ചെയ്യുവാനും ദൈവത്തെ സ്തുതിപ്പാനും ഈ ശക്തി (ആത്മനിറവ്) നമ്മിൽ നിറഞ്ഞു വരും. ഇത് രക്ഷിക്കപ്പെട്ട സമയം ധാരാളമായി നമ്മിൽ പകർന്ന പരിശുദ്ധാത്മാവിനാൽ നിർവ്വഹിക്കപ്പെടുന്നു. പരിശുദ്ധാത്മാവ് നമുക്ക് പുതിയ ജീവൻ തന്നു. ആ ജീവൻ നമ്മിൽ നിലനിർത്തുന്നു. അത് നിത്യജീവനാണ്. അതിന് മുദ്രയായും അച്ചാരമായുമാണ് പരിശുദ്ധാത്മാവിനെ നമുക്ക് നൽകിയിരിക്കുന്നത് (എഫെ. 1:14). നമ്മുടെ മർത്യശരീരം മാറി സ്വർഗ്ഗീയ ശരീരം ലഭിക്കുമ്പോൾ നമ്മുടെ വീണ്ടെടുപ്പ് പൂർത്തിയാകും. ആവിധം നമ്മെ വീണ്ടെടുക്കും എന്നതിന്റെ മുദ്രയാണ് നമുക്ക് നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവ്. (തുടരും)

## മഹത്വത്തിൽ

**ചെങ്ങറ :** പരേതനായ ഗീവർഗീസ് ജോർജ്ജിന്റെ സഹധർമ്മിണിയും സുവി. റ്റി.ജി. ഏബ്രഹാമിന്റെ മാതാവുമായ അന്നമ്മ ജോർജ്ജ് കർത്തൃസന്നിധിയിൽ 24-2-10 ൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം 1-3-10 ന് ചെങ്ങറ സഭാ സെമിത്തേരിയിൽ അനേക ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ സംസ്ക്കരിക്കപ്പെട്ടു. ദുഃഖത്തിലിരിക്കുന്ന പ്രിയപ്പെട്ടവരെ പ്രാർത്ഥനയിൽ ഓർക്കുക. എന്ന് റ്റി.ജി. ഏബ്രഹാം (ഇവാ.)

**റാന്നി :** പള്ളിത്തടത്തിൽ പി.എസ് ഫിലിപ്പിന്റെ ഭാര്യ അമ്മിണി ഫിലിപ്പ് (73) 25-2-10 ൽ കർത്താവിൽ നിദ്ര പ്രാപിച്ചു. ശവസംസ്കാരം 1-3-10 ൽ റാന്നി സീയോൻ കുന്ന് ബ്രദറൺ സഭാ സെമിത്തേരിയിൽ നടന്നു. പരേത മാലക്കര തെങ്ങിൽ കുടുംബാംഗമാണ്. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കണമെ. എന്ന് പി.എസ്. ഫിലിപ്പ്.

# യേശുക്രിസ്തുവിന്റെ ക്രൂശിൽ മാത്രം പ്രശംസിക്കുന്നു!!

പി.എ. ഏബ്രഹാം, മാലം

"എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിലല്ലാതെ പ്രശംസിപ്പാൻ ഇടവരരുതേ" (ഗലാ. 6:14). പ്രത്യക്ഷത്തിൽ വൈരുദ്ധ്യമായി തോന്നാവുന്ന ഒരു പ്രസ്താവന. കാരണം മരത്തിന്മേൽ തൂങ്ങുന്നവനെല്ലാം ശപിക്കപ്പെട്ടവൻ എന്നെഴുതിയിരിക്കുന്നു (ആവ. 21:23). ക്രൂശ് നിന്ദയുടെയും ലജ്ജയുടെയും ശാപത്തിന്റെയും മാത്രം പ്രതീകമായിരുന്ന കാലത്താണ് ലേഖനകാരൻ ഈ വാക്യം എഴുതിയത്. റോമ ഗവൺമെന്റ് ഏർപ്പെടുത്തിയ ഏറ്റം കിരാതമായ ശിക്ഷാക്രമമായിരുന്നു ക്രൂശുമരണം. ആയിരം പതിനായിരങ്ങളെ ക്രൂശുമരണത്തിന് വിധേയരാക്കിയിട്ടുണ്ട്. ആ ക്രൂശിലൊന്നുമല്ല പൗലൊസ് പ്രശംസിക്കുന്നത്. പിന്നെയോ യേശുക്രിസ്തുവിന്റെ ക്രൂശിൽ മാത്രം. ഒരാൾ തന്റെ പ്രശംസ അർപ്പിക്കുന്നത് തനിക്കുള്ള ഏറ്റം വിലയുള്ളതും മഹത്തരവുമായ കാര്യത്തിലായിരിക്കും. യേശുക്രിസ്തുവിന്റെ ക്രൂശിൽ മാത്രം പ്രശംസിപ്പാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്? പൗലൊസിനോട് ഈ ചോദ്യം ചോദിച്ചാൽ തനിക്ക് നൂറുനൂറുകാര്യങ്ങൾ ഒന്നിനുപുറകെ ഒന്നായി ചൂണ്ടിക്കാണിക്കുവാനുണ്ട്. അതെല്ലാം വളരെ വിലയേറിയതും ഘനതരവും നിലനിൽക്കുന്നതും സ്വർഗ്ഗം അംഗീകരിക്കുന്നവയും ആയിരിക്കും. അവയിൽ ചിലത് നമുക്ക് പ്രാർത്ഥനയോടെ ചിന്തിക്കാം. കഴിഞ്ഞ കാലത്തെ വിലയേറിയ ഭക്തന്മാരുടെ അഭിപ്രായങ്ങളും ഇതിൽ ഉൾപ്പെടുന്നു.

**1. ദൈവത്തിന്റെ കുഞ്ഞാട് യാഗമായിത്തീർന്ന യാഗപീഠമാണ് ക്രൂശ്.** യോഹന്നാൻ സ്നാപകൻ കർത്താവിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു ഇതാ ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്. അതെ, ക്രിസ്തു നമ്മുടെ എല്ലാവരുടെയും പാപത്തെ ചുമന്നുകൊണ്ട് ക്രൂശിന്മേൽ കയറി ശിക്ഷയേറ്റ് പാപത്തിന്റെ ശിക്ഷയിൽ നിന്ന് എന്നേക്കുമുള്ള വിടുതൽ തന്റെ ക്രൂശുമരണം കൊണ്ട് സാധിപ്പിച്ചു. സ്തോത്രം. അതുകൊണ്ട് ആ ക്രൂശിൽ എങ്ങനെ പ്രശംസിക്കാതിരിക്കും.

**2. സാത്താനെ തോല്പിച്ച യുദ്ധക്കളമാണ് ക്രൂശ്.** മനുഷ്യന്റെ സ്ഥിരം ശത്രുവായ സാത്താന്റെ തലയെ തകർത്ത് ആയുധവർഗ്ഗം വെപ്പിച്ച് പരാജയപ്പെടുത്തിയ ഏകസ്ഥലം കാൽവറിക്രൂശാണ്. ബലഹീനനായ മനുഷ്യന് ബലവാനായ സാത്താനെ വെല്ലുവിളിക്കാൻ സാധിക്കുന്നത് ക്രൂശു മുഖാന്തിരമാണ്. ക്രൂശിങ്കൽ സാത്താൻ ബലഹീനനും ക്രൂശില്ലാത്തിടത്ത് സാത്താൻ ബലവാനുമാണ്. പാപിക്ക് ബലം നൽകുന്ന ക്രൂശിൽ മാത്രം നമുക്ക് പ്രശംസ അർപ്പിക്കാം.

**3. പാപിയുടെ പാപഭാരം ഇറക്കി വെയ്ക്കുവാൻ ദൈവം ഉണ്ടാക്കിയ അത്താണിയാണ് ക്രൂശ്.** "അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്ന ഏവരുമായുള്ളവരെ, നിങ്ങൾ എല്ലാവരും എന്റെ അടുക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം" എന്ന് അരുളിച്ചെയ്ത കർത്താവ് മനുഷ്യവർഗ്ഗത്തിന്റെ പാപഭാരത്തെ ക്രൂശിൽ ഇറക്കിവെച്ച് മനുഷ്യന്റെ അദ്ധ്വാനത്തിന് പരിഹാരമുണ്ടാക്കി. ഈ രണ്ടു കാര്യങ്ങൾക്കും ശാശ്വതമായ പരിഹാരം അവൻ വരുത്തി. ദൈവത്തിന്റെ ആലോചനയാൽ കർത്താവിനാൽ ഒരുക്കപ്പെട്ട ആ അത്താണിമേൽ ഇന്നും ആയിരം പതിനായിരങ്ങൾ തങ്ങളുടെ പാപഭാരം ഇറക്കിവെച്ച് ആശ്വാസം കണ്ടെത്തുന്നു. അതൊരുക്കിയ ദൈവത്തിന് നന്ദിയോടെ സ്തോത്രം ചെയ്യാം. ആ ക്രൂശിൽ മാത്രം നമുക്ക് പ്രശംസിക്കാം.

**4. വിശുദ്ധനായ ദൈവവും അശുദ്ധനായ മനുഷ്യനും തമ്മിൽ കണ്ടുമുട്ടിയ സ്ഥാനമാണ് കാൽവറി ക്രൂശ്.** പാപം ചെയ്ത് ദൈവത്തിൽ നിന്നകന്ന മനുഷ്യനെ സ്വീകരിപ്പാൻ ദൈവത്തിന് സാദ്ധ്യമല്ല. എന്നാൽ മനുഷ്യന്റെ പാപത്തിന് പരിഹാരം വരുത്തിയ ക്രൂശിങ്കലേക്ക് 2 കൂട്ടരും വരുന്നു. അന്യോന്യം സ്വീകരിക്കുന്നു, ചുംബിക്കുന്നു. മുടിയൻ പുത്രനും അപ്പനും തമ്മിൽ കണ്ടുമുട്ടി ചുടുചുംബനം കൈമാറിയ സ്ഥലം, അതാണ് ആ ക്രൂശ് ഹല്ലേലൂയ്യാ. ഇവിടമാണ് ആനന്ദത്തിന്റെ ഉറവിടം പൊട്ടിപ്പുറപ്പെട്ടതും സന്തോഷത്തിന്റെയും ആനന്ദത്തിന്റെയും സംഗമസ്ഥലം. അതുകൊണ്ട് ആരാണ് ആ ക്രൂശിൽ പ്രശംസിക്കാതിരിക്കുന്നത്?

**5. ദൈവത്തിനെയും മനുഷ്യനെയും തമ്മിൽ നിരപ്പിച്ച സ്ഥലം.** ശുശ്രൂഷകളിൽ ഏറ്റം പ്രയാസമുള്ളതാണ് നിരപ്പിന്റെ ശുശ്രൂഷ. പ്രത്യേകിച്ച് ദൈവവും മനുഷ്യനും തമ്മിൽ ആകുമ്പോൾ ഇവരെ തമ്മിൽ നിരപ്പിക്കണമെങ്കിൽ ഒരു ദൈവമനുഷ്യനു മാത്രമേ സാധിക്കുകയുള്ളൂ. ആ യോഗ്യതയുള്ള ഒരാൾ മാത്രമേ 3 ലോകങ്ങളിലുമുള്ളൂ. അതു കർത്താവായ യേശുക്രിസ്തു തന്നെ. മനുഷ്യനിൽ നിന്ന് ദൈവം ആവശ്യപ്പെട്ട നീതി ക്രിസ്തു കൊടുത്തു തീർത്തു. ക്രൂശിൽ കിടന്ന് സ്വർഗ്ഗത്തേയ്ക്ക് നീട്ടി ദൈവത്തേയും മറ്റെ കൈ ഭൂമിയിലേക്കു നീട്ടി മനുഷ്യനേയും പിടിച്ച് യോജിപ്പിച്ചു. അങ്ങനെ ക്രൂശിൽ കിടന്ന് കർത്താവ് നിര

പ്പിന്റെ ശുശ്രൂഷ നിറവേറ്റി. അപ്പോൾ തിരശ്ശീല ചീന്തപ്പെട്ടു. സ്വർഗ്ഗത്തിലേക്കുള്ള പുതുവഴി തുറക്കപ്പെട്ടു. പ്രവേശനം സാദ്ധ്യമായി. ആ ക്രൂശിൽ അത് നിറവേറ്റി. എങ്ങനെ ആ ക്രൂശിൽ പ്രശംസിക്കാതിരിക്കും.

**6. ദൈവത്തിന്റെ കരുണയും നീതിയും തമ്മിൽ ചുംബിച്ച സ്ഥലമാണ് ക്രൂശ്.** ദൈവത്തിന്റെ സ്വഭാവ വിശേഷങ്ങളാണ് നീതി, വിശുദ്ധി, കരുണ, സ്നേഹം മുതലായവ. നീതിമാനായ ദൈവത്തിന് പാപിയായ മനുഷ്യനോട് എങ്ങനെ കരുണ കാണിപ്പാൻ കഴിയും. ആ ചോദ്യത്തിന് ഉത്തരമാണ് ക്രൂശ്. ദൈവത്തിന്റെ നീതിയും മനുഷ്യനോടുള്ള കരുണയും ഒരേ സമയം ക്രൂശിൽ വെളിപ്പെടുത്തി. കരുണയും നീതിയും തമ്മിൽ എതിരേറ്റ് കണ്ടുമുട്ടി ചുംബിച്ച സ്ഥലം. ഓ, അതാണ് ക്രിസ്തുവിന്റെ ക്രൂശിങ്കൽ. എങ്ങനെ അതിൽ പ്രശംസിക്കാതിരിക്കും.

**7. ക്രിസ്തുവിന്റെ മരണത്തോടുള്ള ബന്ധത്തിൽ നിറവേറേണ്ട സകല തിരുവെഴുത്തും നിറവേറിയ സ്ഥലമാണ് ക്രൂശ്.** ക്രിസ്തു തിരുവെഴുത്തുകളിൻ പ്രകാരം മരിച്ച് അടക്കപ്പെട്ട് തിരുവെഴുത്തുകളിൻ പ്രകാരം ഉയിർത്തെഴുന്നേറ്റു (1 കൊരി. 5:3). ക്രിസ്തുവിന്റെ മരണത്തോടുള്ള ബന്ധത്തിൽ 24 മണിക്കൂറുകൾക്കുള്ളിൽ 26 പഴയനിയമ തിരുവെഴുത്തുകൾ നിറവേറി. കർത്താവ് ക്രൂശിൽ കിടന്ന് പറഞ്ഞ 7 മൊഴികളിൽ ഒരു മൊഴി നിവർത്തിയായി എന്നാണ്. അങ്ങനെ ആദാമ്യ വർഗ്ഗം പാപപരിഹാരത്തിനുവേണ്ടി ചെയ്യേണ്ടതെല്ലാം താൻ ക്രൂശിൽ നിവർത്തിയാക്കി. പൂർത്തിയാക്കിയ രക്ഷാ പദ്ധതി വിശ്വാസത്തിന്റെ കരങ്ങൾ നീട്ടി വാങ്ങി അനുഭവിച്ചാൽ മതി ആദാമ്യ വർഗ്ഗത്തിന്! ദൈവമേ, സ്തോത്രം. ഞങ്ങളാ ക്രൂശിൽ മാത്രം പ്രശംസിക്കുന്നു.

**8. ദൈവസ്നേഹം പ്രദർശിപ്പിച്ച സ്ഥലമാണ് കാൽവറി ക്രൂശ്.** "ക്രിസ്തുവോ, നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്ക് നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു" (റോമർ 5:8). ദൈവം സ്നേഹമാകുന്നു എന്ന് തിരുവെഴുത്തു പറയുന്നു. ദൈവത്തിനും മനുഷ്യനോടുള്ള സ്നേഹത്തിന്റെ ഉദാത്തമായ പ്രദർശനസ്ഥലമാണ് കാൽവറിക്രൂശ്. ഇതിൽ കൂടിയസ്നേഹം ദൈവത്തിന് ആരോടും ഒരിക്കലും കാണിക്കുവാനില്ല. ലക്ഷങ്ങൾ ഇന്ന് അതിന്റെ ചുവട്ടിലിരുന്ന് പാപം മോചിക്കപ്പെട്ടവരായി ആനന്ദചിത്തരായി കൈകൾ കൊട്ടിപാടി ദൈവത്തെ സ്തുതിച്ച് ആരാധിക്കുന്നു. അവരുടെ ഏക പ്രശംസാ വിഷയം ക്രൂശ് മാത്രം.

**9. നല്ല ഇടയനായ കർത്താവിന്റെ ആടുകൾക്കു മേയുവാനുള്ള പുൽമേടാണ് ആ ക്രൂശ്.** "ഞാൻ നല്ല ഇടയനാകുന്നു. നല്ല ഇടയൻ ആടുകൾക്കു വേണ്ടി തന്റെ ജീവനെ കൊടുക്കുന്നു" (യോഹ. 10:11). വഴി തെറ്റി കാണാതെ പോയി ശത്രുവിന്റെ കൈകളിലകപ്പെട്ട് രക്തം വാർന്നൊഴുകി അർദ്ധപ്രാണനായി കിടന്ന ആടുകൾക്കുവേണ്ടി രക്തം ചൊരിഞ്ഞ് വീണ്ടെടുത്ത സ്ഥലം. ജീവൻ തിരിച്ചു കിട്ടിയ സ്ഥലം. അതെ ആ ക്രൂശിൽ പ്രശംസിപ്പാൻ വകയുണ്ട്.

**10. ഭക്തന്റെ ആവേശവിഷയവും നിത്യതയിലെ ആരാധനാ വിഷയവുമാണ് ക്രൂശ്.** സ്വർഗ്ഗത്തിലും നാം കേൾക്കുന്ന പാട്ട് "കുഞ്ഞാടേ, നീ അറുക്കപ്പെട്ടു നിന്റെ രക്തം കൊണ്ട് സർവ്വ ഗോത്രത്തിലും ഭാഷയിലും വംശത്തിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കുവാങ്ങി അവർ ഭൂമിയിൽ വാഴുന്നു" (വെളി. 5:9). നിത്യതയിലും ദൈവമക്കളുടെ ആരാധനയ്ക്കുള്ള വിഷയം അറുക്കപ്പെട്ട കുഞ്ഞാടിന്റെ ക്രൂശാണ്. ദൈവസ്നേഹത്തിന്റെ പ്രദർശന സ്ഥലവും അതുതന്നെയാണല്ലോ. ഇനിയും ഇതുപോലെയുള്ള ഘനതരമായ കാര്യങ്ങൾ ക്രൂശിനോടുള്ള ബന്ധത്തിൽ ചൂണ്ടിക്കാണിക്കുവാനുണ്ട്. പൗലൊസ് ക്രിസ്തുവിന്റെ ക്രൂശിൽ മാത്രം പ്രശംസിക്കുന്ന ആളായിരുന്നു. ലോകപ്രകാരം പ്രശംസിപ്പാൻ തനിക്ക് പല വിഷയങ്ങളുണ്ടായിരുന്നു. അവയെല്ലാം ചപ്പുംചവറുമായി എണ്ണി. ക്രൂശിൽ പാപമോചനം കണ്ടെത്തിയ എല്ലാവരും ആ ക്രൂശിൽ മാത്രം പ്രശംസിക്കേണ്ടതാണ്. അതിന്റെ സാക്ഷികളായി ജീവിക്കുന്നവരാണ്. ആ ക്രൂശ് എന്നാളും വിജയിക്കട്ടെ. ദൈവനാമം വാഴ്ത്തപ്പെടട്ടെ. ●

---

14-ാം പേജിൽനിന്ന് തുടർച്ച

മേൽ വിവരിച്ച എല്ലാ റഫറൻസുകളുടെയും അർത്ഥം തിരുവെഴുത്തിന്റെ സമ്പൂർണ്ണ വെളിപ്പാടിനെ അടിസ്ഥാനമാക്കി യേശുക്രിസ്തു ആരാകുന്നു എന്ന സത്യത്തിന്റെ അംഗീകാരം ആകുന്നു. ആ വെളിപ്പാടുകളിൽ ഒന്നു പോലും നാം നിഷേധിച്ചുകൂടാ. വെളിപ്പെടുത്തപ്പെട്ട ക്രിസ്തുസത്യങ്ങൾ എല്ലാം ഒരുപോലെ വിശ്വസിക്കുവാനും അത് തിരുവെഴുത്തിൽ രേഖപ്പെടുത്തിയപോലെ തന്നെ ഏറ്റു പറയാനും ഒരുവന് കഴിയുന്നില്ല എങ്കിൽ, തിരുവെഴുത്തിൽ വെളിപ്പെടുത്തിയ യേശുക്രിസ്തുവിനെ നിഷേധിക്കുന്നവൻ എന്നതിന് തർക്കമില്ല. (തുടരും)

# അപ്പൊ. പ്രവൃത്തികളുടെ പുസ്തകത്തിൽ വെളിപ്പെടുത്തിയ യേശുക്രിസ്തു : ഒരു പഠനം - 2

ഡോ. ജോസഫ് എം.പി., തിരൂരങ്ങാടി

**അ**പ്പൊസ്തലപ്രവർത്തികളുടെ പുസ്തകത്തിൽ 'യേശുവിന്റെ നാമം' എന്ന പ്രയോഗവും അതിന്റെ പ്രസക്തിയും.

പ്രവർത്തികളുടെ പുസ്തകത്തിൽ "നാമത്തിൽ" എന്ന വിശേഷണം ചേർത്തു കാണുന്നത് എന്തുകൊണ്ട് എന്നതിന്റെ വിശദീകരണം അറിഞ്ഞിരിക്കേണ്ടത് ആവശ്യമാകുന്നു. സഭ സ്ഥാപിതമാവുകയും പുതിയനിയമം എഴുതപ്പെടുകയും ചെയ്ത കാലയളവിൽ, റോമൻ സാമ്രാജ്യത്തിൽ, രാഷ്ട്രീയവും ഭരണവും ചക്രവർത്തിയും മറ്റു പ്രസ്ഥാനങ്ങളും അതതു നാമങ്ങളിൽ പ്രതിനിധാനം ചെയ്തിരുന്നു. അതിനാൽ പല നാമങ്ങളുടെയും പ്രയോഗം അക്കാലത്ത് നിലവിൽ ഇരുന്നു. ഒരു വ്യക്തിയുടെ അഭിരുചിയോ, താല്പര്യമോ, വിശ്വാസമോ ഏതുതന്നെ ആയാലും, ഏതു നാമത്തിൽ എന്നു ചോദിക്കുന്നത് അന്ന് നിലവിലിരുന്ന പ്രയോഗങ്ങൾക്ക് അടിസ്ഥാനപ്പെട്ടുകൊണ്ടുമാത്രം ആകുന്നു. 'നാമം' എന്ന പ്രയോഗം ഒരുവന്റെയോ, ഒരു സമൂഹത്തിന്റെയോ വിശ്വാസം, ചിന്താഗതി, ആരുടെ പക്ഷം എന്നിവ വ്യക്തമാക്കുംവിധം ആയിരുന്നു. പ്രവൃ. 9:21-ൽ ഈ നാമം വിളിച്ചപേക്ഷിക്കുന്നവർ എന്നു രേഖപ്പെടുത്തുമ്പോൾ 'യേശുവിന്റെ നാമം' എന്നതിൽ വെളിപ്പെടുത്തപ്പെട്ട ക്രിസ്തുസത്യങ്ങളെ മുറുകെ പിടിക്കുന്നവർ എന്നാകുന്നു ക്രിസ്തു വിശ്വാസികളെ സമൂഹം മനസ്സിലാക്കിയത്. അതുപോലെതന്നെ പ്രവൃ. 4:17, 18 വാക്യങ്ങളിൽ അധികാരികൾ ക്രിസ്തു ശിഷ്യരെ തർജ്ജനം ചെയ്തത് 'ഈ നാമത്തിൽ' 'യേശുവിന്റെ നാമത്തിൽ' എന്ന് പ്രത്യേകം രേഖപ്പെടുത്തിയത്, മേൽ കാണിച്ച നാമത്തെക്കുറിച്ചുള്ള വിശദീകരണം ശരിവെക്കുന്നു.

പ്രവർത്തികളുടെ പുസ്തകത്തിനു പുറമേ നാമത്തെക്കുറിച്ച് ഒരു ഉദാഹരണം വിശദീകരണത്തിനായി ചേർക്കുന്നു. 1 പത്രൊസ് 4:14-ൽ 'ക്രിസ്തുവിന്റെ നാമം' ഹേതുവായി എന്നു രേഖപ്പെടുത്തുമ്പോൾ, ക്രിസ്തു ആരാകുന്നു എന്ന് തിരുവെഴുത്ത് വെളിപ്പെടുത്തുന്ന സകല സത്യങ്ങളും മുഖാന്തിരം, അതിൽ ഒന്നുപോലും വിട്ടുകളയാതെ എന്നു തന്നെ മനസ്സിലാക്കുവാൻ സാധിക്കുന്നു. അതുപോലെതന്നെ 1 പത്രൊസ് 4:16-ൽ ക്രിസ്ത്യാനി എന്ന നാമം ധരിച്ചിട്ട് എന്നു ചേർക്കുമ്പോൾ, ഒരു ക്രിസ്തുവിശ്വാസി എന്തു വിശ്വസിക്കുന്നുവോ, അതിന്റെ അടിസ്ഥാനത്തിൽ എന്നു കാണിക്കുന്നു. കൂടാതെ പ്രവൃ. 11:26-ൽ ക്രിസ്തുശിഷ്യരെ ക്രിസ്ത്യാനികൾ എന്ന് പുറം ലോകം സാക്ഷീകരിക്കുവാൻ ഇടയായത്, അവരുടെ വിശ്വാസവും തിരുവചനത്തിൽ അടിസ്ഥാനപ്പെട്ട ജീവിതവും കണ്ടുകൊണ്ടായിരുന്നു. അവർ സകല ക്രിസ്തീയ ഗുണങ്ങളാലും അലങ്കരിക്കപ്പെട്ടവർ ആയിരുന്നു. അവർ ആ നാമത്തിനു കളങ്കം ചേർക്കാത്തവർ ആയിരുന്നു എന്ന് മനസ്സിലാക്കാം. അതിനാൽ ക്രിസ്ത്യാനി എന്ന പേര് ഒരു നാമവാക്യം അല്ല അതിന്റെ സകല അർത്ഥവ്യാപ്തിയും വസ്തുനിഷ്ഠമായി ഉൾക്കൊണ്ട ഒരു വിശേഷണപദം ആണ് എന്നു വ്യക്തമാവുന്നു.

അപ്പൊസ്തലപ്രവർത്തിയിൽ 'നാമം' എന്നു ചേർത്തത്, ഏതൊരു പ്രത്യേക വ്യക്തിയോ ക്രിയയോ കൂട്ടമോ എന്ത് എന്ന് ഒറ്റ വാക്കിൽ പ്രതിനിധാനം ചെയ്യുവാൻ ഉപയോഗിക്കപ്പെട്ട ഒരു പ്രയോഗം മാത്രം ആകുന്നു. 'യേശുവിന്റെ നാമം' 'കർത്താവായ യേശുക്രിസ്തുവിന്റെ നാമം' എന്നിങ്ങനെയുള്ള പ്രയോഗം, പ്രവർത്തികളുടെ പുസ്തകത്തിലും തിരുവെഴുത്തിലെ മറ്റ് പുസ്തകങ്ങളിലും രേഖപ്പെടുത്തിയ ക്രിസ്തു വെളിപ്പാടിനെ, ഒരിക്കലും ഈ നാമം ചേർത്ത വാക്ക് ഉപയോഗപ്പെടുത്തിയതുകൊണ്ട് നിഷേധിക്കുന്നില്ല എന്ന് പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണ്. അപ്പൊസ്തലപ്രവർത്തികളുടെ പുസ്തകം രേഖപ്പെടുത്തിയതുപോലെ യേശു, ക്രിസ്തു ആകുന്നു, കർത്താവാകുന്നു, ദൈവപുത്രൻ ആകുന്നു. ഈ സത്യങ്ങൾ യേശുവിന്റെ നാമം എന്ന പ്രയോഗത്തിൽ അന്തർലീനമാകുന്നു. അഥവാ തിരുവെഴുത്തു വെളിപ്പെടുത്തിയ വിധത്തിൽ യേശു ആരാകുന്നു എന്ന് സമ്പൂർണ്ണമായും ഞാൻ വിശ്വസിക്കുന്നു എന്നാണ് അർത്ഥമാക്കുന്നത്.

യേശുക്രിസ്തുവിന്റെ നാമം ആത്മരക്ഷയ്ക്ക് അടിസ്ഥാനമായ നാമം ആകുന്നു, (പ്രവൃ. 4:12; റോമർ10:9). സഭ കൂടിവരുന്നത് യേശുകർത്താവിന്റെ നാമത്തിൽ (മത്തായി 18:20). പ്രാർത്ഥനയും ആരാധനയും കർത്താവായ യേശുവിന്റെ നാമത്തിൽ പിതാവായ ദൈവത്തിനു സമർപ്പിക്കുന്നു. (യോഹ. 16:16,23,24; കൊലൊ. 3:17). ക്രിസ്തുയേശുവിന്റെ നാമം നിമിത്തം കഷ്ടത, പീഡനം എന്നിവ അനുഭവിച്ചവർക്ക് ആശ്വാസം (മത്തായി. 19:29; 1 പത്രൊസ്. 4:14-16). യേശുക്രിസ്തുവിന്റെ നാമം അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ മതിയായ അധികാരം ഉള്ളതായി പ്രവൃ. 3:6-10, 16-18 വരെ വാക്യങ്ങളിൽ രേഖപ്പെടുത്തുന്നു. അത് സകല നാമത്തിനും മേലായ നാമം ആകുന്നു (ഫിലി 2:9.)

ശേഷം 13-ാം പേജിൽ

# ന്യായപ്രമാണകാല സ്ത്രീകൾ, ബ്രദറൺ സഭകളിൽ

തോമസ് മത്തായി, ആനിക്കാട്

**ജീ**വിതത്തിൽ ടൺ കണക്കിന് മായം ചേർത്താലും ഉപദേശത്തിൽ ഒരു ഗ്രാം പോലും മായം ചേർക്കാത്തവർ ആര് എന്ന് ചോദിച്ചാൽ മിക്കവാറും ഉത്തരം ബ്രദറൺകാർ എന്നുതന്നെ. ബ്രദറൺ സഭകളിൽ സ്ത്രീകൾക്ക് നേതൃത്വ ശുശ്രൂഷകൾ അനുവദനീയമോ? അനുവദിക്കാം എന്നും പാടില്ല എന്നും 2 അഭിപ്രായങ്ങൾ ഉള്ള തായി അറിയുന്നു.

ആദിയിൽ എങ്ങനെ ആയിരുന്നു എന്നാണ് ഏതു വിഷയത്തിലും ബ്രദറൺകാരായ നാം പരി ശോധിക്കുന്നത്. ന്യായപ്രമാണകാലത്തിലെ വിശുദ്ധ സ്ത്രീകൾ, ആത്മീയ ശുശ്രൂഷകളിൽ വഹിച്ച പങ്ക് അല്പമായി ചിന്തിക്കാം. പുതിയനിയ മത്തിൽ ഇത് സംബന്ധിച്ച് 1 കൊരി. 14:34,35 വാക്യ ങ്ങൾ നമുക്ക് വെളിച്ചം തരുന്നു. "വിശുദ്ധന്മാരുടെ സർവ്വസഭകളിലും എന്നപോലെ സ്ത്രീകൾ സഭാ യോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ. ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിക്കാനല്ലാതെ സംസാരിപ്പാൻ അവർക്ക് അനുവാദമില്ല. സ്ത്രീ സഭയിൽ സംസാരിക്കുന്നത് അനുചിതമല്ലോ".

ന്യായപ്രമാണകാലത്ത് ഇതിന് വ്യക്തമായ വാക്യം/ കല്പന കാണുന്നില്ല എങ്കിലും, പൊതു വെയുള്ളതായിരുന്ന രീതി സ്ത്രീകൾ പുരുഷശ ബ്ദത്തിന് അധീനമായിരുന്നു എന്നാണ്. (പുറ. 34:23) "സംവത്സരത്തിൽ 3 പ്രാവശ്യം പുരുഷന്മാ രൊക്കെയും യിസ്രായേലിന്റെ ദൈവമായ യഹോ വയായ കർത്താവിന്റെ മുമ്പാകെ വരണം" സ്ത്രീക ളോട് വിദ്വേഷമുള്ളതുകൊണ്ടായിരിക്കുമോ ഇപ്ര കാരം പറഞ്ഞത്. ഒരിക്കലുമല്ല. സ്ത്രീകൾ യാത്ര ചെയ്ത് കഷ്ടപ്പെടേണ്ട എന്നു കരുതിയായിരി ക്കുമോ അപ്രകാരം പറഞ്ഞത്? ഒരിക്കലുമല്ല! മാത്ര മല്ല 3 പ്രാവശ്യത്തിൽ ഒരു പ്രാവശ്യം എങ്കിലും സ്ത്രീകളുംകൂടെ വരട്ടെ എന്ന് പറയാമായിരുന്നു വല്ലോ. ഒരു പ്രാവശ്യമെങ്കിലും വരണം എന്ന് താൽപര്യമുള്ള സ്ത്രീകൾ എന്തു ചെയ്യണം? ഉത്തരം - വരുവാൻ പാടില്ല. ചുരുക്കത്തിൽ ദൈവ ത്തിന്റെ പ്രമാണങ്ങൾക്ക് വിധേയപ്പെട്ടും ചട്ടങ്ങൾ മനസ്സിലാക്കിയും വേണം ദൈവമുമ്പാകെ വരു വാൻ. മനുഷ്യതാല്പര്യങ്ങൾ പ്രമാണപരിധിക്കുള്ളി ലായിരിക്കണം എന്ന് സാരം!

പണ്ട് ദൈവത്തിൽ പ്രത്യാശ വെച്ചിരുന്ന വിശുദ്ധ സ്ത്രീകൾ എപ്രകാരമായിരുന്നു എന്ന് ഇപ്പോഴുള്ളവർ മനസ്സിലാക്കുവാൻ, പത്രൊസ് അബ്രഹാമിന്റെ ഭാര്യ സാറായെ ചൂണ്ടിക്കാണിക്കു ന്നു. "ഇങ്ങനെയല്ലോ വിശുദ്ധസ്ത്രീകൾ തങ്ങളെ ത്തന്നെ അലങ്കരിച്ച് ഭർത്താക്കന്മാർക്ക് കീഴടങ്ങി യിരുന്നത്. അങ്ങനെ സാറാ അബ്രഹാമിനെ യജ മാനൻ എന്ന് വിളിച്ച് അനുസരിച്ചിരുന്നു" (1 പത്രൊ സ് 3:5,6). ന്യായപ്രമാണകാലത്തെ ഭക്തിയുള്ള സ്ത്രീകളുടെ പൊതുവെയുള്ള 2 പ്രത്യേകതകൾ ഇവിടെ എടുത്തു പറഞ്ഞിരിക്കുന്നു. 1) ഭർത്താക്ക ന്മാർക്ക് കീഴടങ്ങിയിരുന്നു. (2) ഭർത്താക്കന്മാരെ അനുസരിച്ചിരുന്നു. ഭീഷണി പേടിച്ചല്ല സാറാ കീഴട ങ്ങിയിരുന്നത്; പ്രത്യുത അത് ദൈവസന്നിധിയിൽ വിലയേറിയത് എന്നുള്ള ദിവ്യബോധത്തിൽ നിന്നു മാണ്.

ഇപ്രകാരമുള്ള സ്ത്രീകൾ അകമെയുള്ള ആത്മീയ മനുഷ്യന്റെ അലങ്കാരത്തിന് കൂടുതൽ പ്രാധാന്യം നൽകി, സമയം ചെലവാക്കുന്നു, വിനി യോഗിക്കുന്നു. ആത്മീയ വിഷയങ്ങളിൽ സമയവും സമ്പത്തും . . . . .അല്ലാത്ത സ്ത്രീകൾ, പുറമെ യുള്ള മനുഷ്യനെ അലങ്കരിക്കുവാൻ കൂടുതൽ പണവും സമയവും ചെലവാക്കുന്നു. അത് ദൈവസന്നിധിയിൽ വിലയേറിയതല്ല എങ്കിലും മനു ഷ്യരുടെ മുമ്പിൽ വിലയേറിയത് ആയിരിക്കും.

ആകയാൽ ന്യായപ്രമാണകാലത്തെ സ്ത്രീ കൾക്ക് അനുവദിച്ചിരുന്ന സ്ഥാനവും ശുശ്രൂഷ കളും നേതൃത്വനിലവാരത്തിലുള്ളതല്ല എന്ന് കാണുവാൻ കഴിയുന്നു. എന്നാൽ പഴയനിയമ കാലത്ത് വിവിധ ശുശ്രൂഷകൾ ചെയ്തതായ സ്ത്രീകളെക്കുറിച്ച് നാം വായിക്കുന്നുണ്ട്. അവയിൽ ഏതാനും ചിലത് വിചിന്തനത്തിനായി എടുക്കാം.

1. പുറ. 15:20. "അഹരോന്റെ സഹോദരി മിര്യാം എന്ന പ്രവാചകി കയ്യിൽ തപ്പ് എടുത്തു, സ്ത്രീകൾ എല്ലാവരും തപ്പുകളോടും നൃത്തങ്ങളോടും കൂടെ അവളുടെ പിന്നാലെ ചെന്നു" മാനുഷ്യപ്രേരണ കൂടാതെതന്നെ ചെയ്ത ശ്രേഷ്ഠമായ ഒരു ആത്മീയ ശുശ്രൂഷയാണ് മിര്യാം ചെയ്തത്. സ്ത്രീകൾ എല്ലാവരും അവളുടെ പിന്നാലെ ചെന്നു. പുരുഷന്മാരുടെ കൂട്ടത്തെ ഇവിടെ വായി ക്കുന്നില്ല. She led the women ഇവിടെ മിര്യാമിന്റെ പ്രവർത്തി ദൈവത്തിന് സ്വീകാര്യമായി എന്നാൽ, മോശെയ്ക്കെതിരെ അഹരോനെ നയിച്ചതിൽ മിര്യാം ശിക്ഷ അനുഭവിക്കുകയും ചെയ്തു. (സംഖ്യ 12) നാത്തൂൻ പോരിനായി അഹരോനെ കൂട്ടുപിടിക്കരുതായിരുന്നു. കുഷ്ഠരോഗം അഹ രോന് നൽകിയതുമില്ല.

2. പുറ. 35:22-29. "പുരുഷന്മാരും സ്ത്രീകളുമായി ഔദാര്യമനസ്സുള്ളവർ എല്ലാവരും......... കൊണ്ടുവ ന്നു" സമാഗമനകൂടാര പണിയോടുള്ള ബന്ധ ത്തിൽ സ്ത്രീകളുടെ ദാനം, ത്യാഗം, സേവനം . . .

എല്ലാം ദൈവത്തിന് പ്രസാദമായി. വിശുദ്ധമന്ദിരത്തിന്റെ നിർമ്മിതിക്കായി സ്ത്രീകളുടെ സേവനം ഇന്നും വിലപ്പെട്ടതാണ്. They were labouring . . . not leading

3. ന്യായാ. 4:4 ". . . ദെബോര എന്ന പ്രവാചകി യിസ്രയേലിൽ ന്യായപാലനം ചെയ്തു." യിസ്രായേലിൽ പുരുഷന്റെ നേതൃത്വ ഭീരുത്വം നിമിത്തം ദൈവം എഴുന്നേല്പിച്ച ഈ സ്ത്രീ, യോദ്ധാവാകുന്ന ബാരാക്കിനെ വിളിച്ച് പറഞ്ഞു; പതിനായിരം പേരെ കൂട്ടി യുദ്ധത്തിന് പോക. സിസെരയെ അവന്റെ രഥങ്ങളെയും. . . . നിന്റെ കയ്യിൽ ഏല്പിക്കുമെന്ന് യിസ്രയേലിന്റെ ദൈവമായ യഹോവ നിന്നോട് (എന്നോടല്ല) കല്പിക്കുന്നു എന്നു പറഞ്ഞു" ഭീരുവായ പുരുഷന്റെ മറുപടി; "നീ എന്നോടുകൂടെ വരുന്നെങ്കിൽ ഞാൻ പോകാം, വരുന്നില്ല എങ്കിൽ ഞാൻ പോകയില്ല" (ന്യായ. 4:7,8.) ഇങ്ങനെയുള്ള നായകന്മാർ ഉണ്ടായിരുന്ന കാലത്ത് ദെബോരയെ ദൈവം എഴുന്നേല്പിച്ചതിൽ അത്ഭുതപ്പെടാനില്ല. യിസ്രയേലിലെ പൊതുവെയുള്ള നിലവാരം വളരെ താണുപോയി എന്നതിന്റെ അടയാളം. യിസ്രയേൽ ജയിച്ചാൽ അതിന്റെ ബഹുമാനം ഒരു സ്ത്രീക്ക് വരുവാൻ പാടില്ല; പുരുഷനുതന്നെ ആയിരിക്കണം എന്നാഗ്രഹിച്ച് ഈന്തപനക്കീഴിൽ പാർത്ത സ്ത്രീ! അവൾ ആയിരിക്കേണ്ട സ്ഥാനം അവൾ കാത്തു സൂക്ഷിച്ചു. എന്നാൽ ബാരാക്കിന് ധൈര്യം പകരുവാൻ "ദെബോര എഴുന്നേറ്റ് ബാരാക്കിനോടുകൂടെ കേദേശിലേക്ക് പോയി" (ന്യായാ. 4:9.) ശത്രുവിനെ ഒരു സ്ത്രീയുടെ കയ്യിൽ ഏല്പിക്കുന്നത് ലജ്ജയാണ്. എങ്കിൽ സ്ത്രീയെ ന്യായാധിപസ്ഥാനത്തേയ്ക്ക് വരുവാൻ നിർബന്ധിക്കപ്പെട്ടതും ലജ്ജാകരം തന്നെ. ഇപ്രകാരം സ്ത്രീകൾക്ക് ഭീരുത്വമുള്ളവരെയും കഴിവില്ലാത്തവരെയും സഹായിക്കാവുന്നതാണ്, പ്രോത്സാഹിപ്പിക്കാവുന്നതാണ്. Deborah did not lead Barak, but encouraged him. ദെബോരയോടുകൂടെ ബാരാക്ക് പോയില്ല. ബാരാക്കിനോടുകൂടെ ദെബോര പോയി......എബ്രാ. 11:32 ൽ ബാരാക്ക് വിശ്വാസ വീരന്മാരുടെ പട്ടികയിൽ വന്നു; ദെബോര തള്ളപ്പെട്ടു!

4. 2 രാജാ. 4:8–37. ശൂനേമിലെ ധനികയായ സ്ത്രീ. ദൈവപുരുഷനായ ഏലീശായെ മാന്യമായി സ്വീകരിച്ച് അതിഥിസൽക്കാരം ചെയ്യുവാൻ പ്രത്യേകമായ മാളികമുറി പണിയുവാൻ പോലും താല്പര്യം കാണിച്ച, പണ്ട് ദൈവത്തിൽ പ്രത്യാശ വെച്ചിരുന്ന ഒരു വിശുദ്ധസ്ത്രീ. ഏലീശയെ കരുതിയതു നിമിത്തം തന്റെ നാമത്തോടു കാണിച്ച സ്നേഹം ദൈവം മറന്നതുമില്ല. (എബ്രാ. 6:10). ഭർത്താവ് വൃദ്ധൻ എങ്കിലും അദ്ദേഹത്തോട് ആലോചിച്ച് മാളികമുറി പണിയുവാനും ഏലീശയെ ശുശ്രൂഷിക്കുവാനും മനസ്സ് കാണിച്ച അനുസരണമുള്ള സ്ത്രീ. ഏലീശ അവളെ വിളിച്ചപ്പോൾ മാളികമുറിയുടെ 'വാതിൽക്കൽ' മാത്രം നിന്ന വിധേയത്വമുള്ള സ്ത്രീ.

ഇപ്രകാരം ന്യായപ്രമാണകാലത്തുള്ള സ്ത്രീകളും ലജ്ജാശീലത്തോടെ, തങ്ങളുടെ സ്ഥാനം കളങ്കപ്പെടുത്താതെ കാത്തുസൂക്ഷിച്ച് അനുസരണത്തോടെ പുരുഷന്മാർക്ക് കീഴ്പ്പെട്ടിരുന്ന് ദൈവസേവയിൽ എരിവുള്ളവരായിരുന്നു.

ലേവ്യഗോത്രത്തിൽ പുരോഹിത ആയിട്ടോ, സമാഗമനകൂടാരത്തിൽ സേവ ചെയ്യുവാനോ ദൈവം സ്ത്രീയെ തിരഞ്ഞെടുക്കുകയോ അനുവദിക്കുകയോ ചെയ്തിട്ടില്ല.

ആകയാൽ 'ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാൻ' എന്നുള്ള പൗലൊസിന്റെ പ്രസ്താവന പൂർണ്ണമായും അംഗീകാരയോഗ്യം തന്നെ എന്നു തെളിയുന്നു. ●

## പുസ്തകപരിചയം

എബ്രായലേഖന വ്യാഖ്യാനം വില Rs. 550/- സഹോ. എം.വി. തോമസിനാൽ രചിക്കപ്പെട്ട തന്റെ ഈ 36-ാമത് കൃതി പ്രസിദ്ധീകരിച്ചിരിക്കുന്നു. 1068 പേജുകളുള്ള എബ്രായ ലേഖനത്തിന്റെ ഓരോ വാക്യത്തിനും വ്യാഖ്യാനം കൊടുത്തുകൊണ്ടുള്ള ഈ പുസ്തകം വചനപഠന താല്പര്യമുള്ള ഏവർക്കും വളരെ പ്രയോജനകരമായിരിക്കുമെന്നതിന് സംശയമില്ല. ആവശ്യമുള്ളവർ ബന്ധപ്പെടുക. ഫ്രീഡം പബ്ലിക്കേഷൻസ്, കിളിവയൽ, വടക്കേടത്ത്കാവ് പി.ഒ. അടൂർ – 691 529

## വിലാസമാറ്റം

സുവി. പി.എം. മാത്യുവിന്റെ പുതിയ വിലാസം താഴെ ചേർക്കുന്നു : P.M. Mathew (Evg.), Puthenpurackal, Kathipara, Kallarkutty P.O., Adimaly (via), 685562.

**മൈക്കാവ്** ബ്രദറൺ സഭയ്ക്കുള്ള കത്തിടപാടുകൾ താഴെ കാണുന്ന വിലാസത്തിൽ ആയിരിക്കണമേ. Evg. George Mathew, Maikave Brethren Assembly, Maikave P.O. Thamarassery - 673573, Kozhikode.എന്ന് സഭയ്ക്കു വേണ്ടി ജോർജ്ജ് മാത്യു, പി.എം. വർഗീസ്.

**കൊടുങ്ങല്ലൂർ** എബെൻഏസർ ബ്രദറൺ സഭയുടെ വിലാസം : Eben-Ezer Brethren Assembly, C/o Lloyed Joy, Grace Communications, Near Town Co-Operative Bank, South Nada - Kodungallur 680664, Mob: 9846502826.

# നീ ഈ പുരുഷനോടുകൂടെ പോകുന്നുവോ?

**കുഞ്ഞമ്മ ചാക്കോ, പള്ളിയ്ക്കൽ**

യഹോവ അബ്രഹാമിനോടു ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് പോക എന്നു കൽപ്പിച്ചു. അബ്രഹാം ദൈവത്തെ അനുസരിച്ചു. തന്റെ ഭാര്യ, താൻ ഹാരാനിൽ വെച്ച് സമ്പാദിച്ച സമ്പത്ത്, ദാസീദാസന്മാർ, അങ്ങനെ സകലവുമായി യാത്രപുറപ്പെട്ടു കനാനിൽ എത്തി (ഉല്പത്തി 12:1-4). അബ്രഹാമിന്റെയും സാറായുടേയും വാർദ്ധക്യത്തിൽ ദൈവത്തിന്റെ വാഗ്ദത്ത സന്തതിയായി ഇസ്ഹാക്ക് ജനിച്ചു. അവൻ വളർന്നു വിവാഹപ്രായമായി. തന്റെ മകന് ഒരു തക്ക തുണയെ വേണം. അത് തന്റെ പിതൃ ഭവനത്തിൽ നിന്നും വേണം എന്ന് അബ്രഹാം തീരുമാനിച്ചു. തന്റെ വിശ്വസ്ത ദാസനായ എല്യേസറിനെ (ഉല്പത്തി 15:2) വിളിച്ചുപറഞ്ഞത് ചുറ്റും പാർക്കുന്ന കനാന്യരുടെ കന്യകമാരിൽ നിന്നും എന്റെ മകന് ഭാര്യയെ എടുക്കാതെ എന്റെ ദേശത്ത് എന്റെ ചാർച്ചക്കാരുടെ അടുക്കൽ ചെന്ന് എന്റെ മകന് ഭാര്യയെ എടുക്കും എന്ന് ദൈവമായ യഹോവയുടെ നാമത്തിൽ എന്നോട് സത്യം ചെയ്യണം എന്നാണ്. എന്റെ മകന് ഒരു ഭാര്യയെ അവിടെ നിന്നും കൊണ്ടുവരുവാൻ തക്കവണ്ണം നിനക്കുമുമ്പായി ദൈവം തന്റെ ദൂതനെ അയയ്ക്കും എന്നും അബ്രഹാം പറകയുണ്ടായി. ദാസൻ അബ്രഹാമിനോട് സത്യം ചെയ്തു (ഉല്പത്തി 24:2-9).

പ്രിയ സഹോദരിമാരേ, അബ്രഹാം മഹാധനികനാണ്. തന്റെ മകന് ഒരു പ്രഭുവിന്റെ മകളെ ഭാര്യയായി എടുക്കാമായിരുന്നു. എന്നാൽ അതു നിരസിച്ചു. തന്റെ മകനിൽ കൂടെയുള്ള ദൈവ വാഗ്ദത്തം നിറവേറണമെങ്കിൽ അതു തന്റെ കുലത്തിൽ നിന്നുള്ള കന്യക തന്നെ വേണം. അബ്രഹാമിന്റെ തീരുമാനം എത്ര ശ്രേഷ്ഠമാണ്. ഇങ്ങനെയുള്ള തീരുമാനം ഇന്ന് ദൈവമക്കളിൽ കാണാറുണ്ടോ? വീണ്ടും ജനിച്ച ഒരു കന്യകയെക്കുറിച്ചു ശലോമോൻ പറഞ്ഞത് സാമർത്ഥ്യമുള്ള ഭാര്യയെ ആർക്ക് കിട്ടും, അവളുടെ വില മുത്തുകളിലും ഏറും എന്നാണ് (സദൃ. 31:10). അബ്രഹാമിനെപ്പോലുള്ള തീരുമാനം എല്ലാവരിലും ഉണ്ടാകട്ടെ.

അനന്തരം ദാസൻ പത്തു ഒട്ടകങ്ങളേയും അതിനുവേണ്ട സേവകരേയും വിവിധങ്ങളായ വസ്തുക്കളുമായി യാത്ര പുറപ്പെട്ടു നാഹോരിന്റെ പട്ടണത്തിലെത്തി. വൈകുന്നേരം സ്ത്രീകൾ വെള്ളം കോരുവാൻ വരുന്ന സമയത്ത് അവൻ ഒട്ടകങ്ങളെ ഒരു കിണറ്റിനരികെ നിർത്തി. അവൻ ദൈവത്തോട് പ്രാർത്ഥിച്ചു. ഈ പട്ടണക്കാരുടെ കന്യകമാർ വെള്ളം കോരുവാൻ വരുന്നു. നിന്റെ പാത്രം ഇറക്കി എനിക്കു കുടിപ്പാൻ തരണം എന്നു ഞാൻ പറയുമ്പോൾ കുടിയ്ക്ക നിന്റെ ഒട്ടകങ്ങൾക്കും കുടിപ്പാൻ കൊടുക്കാം എന്നു പറയുന്ന സ്ത്രീതന്നെ എന്റെ ദാസനായ ഇസ്ഹാക്കിന് നിയമിച്ചവളായിരിക്കട്ടെ. അവൻ പറഞ്ഞു തീരും മുമ്പേ ബെഥുവേലിന്റെ മകൾ റിബെക്ക തോളിൽ പാത്രവുമായി വന്നു. അവൾ വെള്ളം കോരി കയറിവന്നു. ദാസൻ അവിടെ അടുത്തു ചെന്നു. നിന്റെ പാത്രത്തിലെ വെള്ളം കുറെ എനിക്ക് കുടിപ്പാൻ തരേണം എന്നു പറഞ്ഞു. യജമാനനെ കുടിക്ക, നിന്റെ ഒട്ടകങ്ങൾക്കും ഞാൻ കോരി കൊടുക്കാം എന്നു പറഞ്ഞു. അപ്രകാരം അവൾ ചെയ്തു. അവളുടെ രൂപലാവണ്യത്തിന് മാറ്റുകൂട്ടുന്ന പെരുമാറ്റം. ദാസൻ അവളോട് നീ ആരുടെ മകൾ? നിന്റെ അപ്പന്റെ വീട്ടിൽ ഞങ്ങൾക്ക് രാപാർപ്പാൻ സ്ഥലമുണ്ടോ എന്നു ചോദിച്ചു. ബെഥുവേലിന്റെ മകൾ ആകുന്നു ഞാൻ. അവിടെ രാപാർക്കാം എന്നു പറഞ്ഞു. അപ്പോൾ ആ ദാസൻ കുനിഞ്ഞു യഹോവയെ നമസ്കരിച്ചു നന്ദി പറഞ്ഞു. എല്യേസർ അവളുടെ മൂക്കിന് മൂക്കുത്തിയും, കൈയ്ക്ക് വളയും ഇട്ടു. റിബെക്ക വീട്ടിൽ വിവരം പറഞ്ഞു. അവളുടെ സഹോദരൻ ഓടി വന്നു. ലാബാൻ അതിഥികളെ വീട്ടിലേക്ക് ക്ഷണിച്ചു. യഥോചിതം സ്വീകരിച്ചു. വേണ്ടതെല്ലാം ചെയ്തു. അവരുടെ മുമ്പിൽ ഭക്ഷണം വെച്ചു. ഞാൻ വന്ന കാര്യം അറിയിക്കാതെ ഭക്ഷണം കഴിക്കയില്ല എന്ന് പറഞ്ഞു. പറക എന്ന് അവൻ പറഞ്ഞു. എല്യേസർ തന്റെ യാത്രയുടെ ഉദ്ദേശ്യം അവരുടെ മുമ്പാകെ വെളിപ്പെടുത്തി. അബ്രഹാമിന്റെ അനുഗ്രഹ സമൃദ്ധിയെ കുറിച്ച് ദാസൻ വർണ്ണിച്ചു (ഉല്പത്തി 24:34-48). ലാബാനും ബെഥുവേലും ഇക്കാര്യം യഹോവയാൽ വരുന്നു. യഹോവ കൽപ്പിച്ചതുപോലെ അവൾ നിന്റെ യജമാനന്റെ മകന് ഭാര്യയാകട്ടെ എന്നു പറഞ്ഞു. ഈ വാക്കു കേട്ടപ്പോൾ ദാസൻ യഹോവയെ സാഷ്ടാംഗം നമസ്കരിച്ചു. പിന്നെ ദാസൻ ആഭരണങ്ങളും വസ്ത്രങ്ങളും എടുത്ത്

റിബെക്കായ്ക്ക് കൊടുത്തു. അവളുടെ അമ്മയ്ക്കും സഹോദരനും വിശേഷ വസ്തുക്കൾ കൊടുത്തു. അങ്ങനെ ഇസ്ഹാക്കിന്റെയും റിബെക്കയുടെയും വിവാഹ നിശ്ചയം ആ രാത്രിയിൽ നടന്നു. പിന്നെ അവർ ഭക്ഷിച്ചു പാനം ചെയ്തു രാപാർത്തു. രാവിലെ ദാസൻ ഉണർന്നു. തന്റെ യജമാനന്റെ അടുക്കൽ അയയ്ക്കണമെന്ന് പറഞ്ഞു. അവർ തടസ്സം പറഞ്ഞു. എങ്കിലും ബാലയോട് ചോദിക്കട്ടെ എന്നു പറഞ്ഞു അവർ റിബെക്കയെ വിളിച്ചു. നീ ഈ പുരുഷനോടുകൂടെപോകുന്നുവോ എന്നു ചോദിച്ചു (ഉല്പത്തി 24:58). ഞാൻ പോകുന്നു എന്ന് അവൾ ഉത്തരം പറഞ്ഞു. അവൾ വിവാഹ നിശ്ചയം കഴിഞ്ഞ കന്യകയാണ്. അവളുടെ മണവാളൻ ആരെന്നും എങ്ങനെയുള്ളവൻ എന്നും അവൾ അറിഞ്ഞു. അവളുടെ കഴിഞ്ഞകാലങ്ങൾ എല്ലാം അവൾ മറന്നു. ഏതൊരു പുരുഷനുവേണ്ടി തന്നെ സമർപ്പണം ചെയ്തുവോ ആ പുരുഷന്റെ ചാരത്തു പറന്നെത്തുവാൻ അവൾ കൊതിച്ചു. അവർ അവളെ അനുഗ്രഹിച്ചു. ദാസനോടൊപ്പം യാത്രയയച്ചു.

മരുഭൂമിയിൽകൂടെയുള്ള യാത്ര. വളരെ ആപത്തുകൾ നേരിടാനുള്ള സാധ്യത വളരെയാണ്. ഒട്ടകപ്പുറത്തുള്ള യാത്ര അതിലും പ്രയാസമാണ് എന്നാൽ അതൊന്നും അവളെ ഭയപ്പെടുത്തിയില്ല. കാരണം അവളുടെ മണവാളൻ അവളെ കാത്തിരിക്കുന്നു എന്നതു തന്നെ. അവർ മുമ്പോട്ടു യാത്ര ചെയ്യുകയാണ്. ഇസ്ഹാക്ക് ധ്യാനിപ്പാൻ വെളിമ്പ്രദേശത്തു പോയി ഇരുന്നു. അവൻ തല പൊക്കി നോക്കി. ഒട്ടകങ്ങൾ വരുന്നതു കണ്ടു. റിബെക്കയും തലപൊക്കി നോക്കി ഇസഹാക്കിനെ കണ്ടിട്ട്. ഒട്ടകപ്പുറത്തു നിന്നും ഇറങ്ങി നമ്മെ എതിരേറ്റു വരുന്ന പുരുഷൻ ആരെന്നു ചോദിച്ചു. എന്റെ യജമാനൻ എന്ന് ദാസൻ പറഞ്ഞു. അവൾ ഒരു മൂടുപടം എടുത്ത് തന്നെ മൂടി. താൻ ചെയ്ത കാര്യം ഒക്കെയും ദാസൻ വിവരിച്ചു പറഞ്ഞു. ഇസ്ഹാക്ക് അടുത്തു ചെന്നു. റിബെക്കായുടെ കരം പിടിച്ചു. അങ്ങനെ അവരുടെ വിവാഹം വെളിമ്പ്രദേശത്തു വെച്ചു നടന്നു. അവൻ അവളെ തന്റെ അമ്മയുടെ കൂടാരത്തിലേക്ക് കൊണ്ടുപോയി. അവൾ അവന് ഭാര്യയായി (ഉല്പത്തി 24:61-67).

പ്രിയ സഹോദരിമാരേ, ക്രിസ്തുവിന്റെയും തന്റെ മണവാട്ടിയാകുന്ന സഭയുടേയും നിഴലാണ് ഇസ്ഹാക്കും, റിബെക്കയും. രണ്ടായിരത്തോളം വർഷങ്ങൾ ആയല്ലോ ദൈവം തന്റെ പുത്രനുവേണ്ടി മണവാട്ടിയെ ഒരുക്കുവാൻ തന്റെ കാര്യസ്ഥനെ ഈ ലോകത്തിൽ അയച്ചിട്ട്. ലോകത്തിന്റെ അറുതിവരെയും ഇന്നും തിരച്ചിൽ നടത്തികൊണ്ടിരിക്കുന്നു. ഇങ്ങനെ രക്ഷിക്കപ്പെടുന്നവരെ കർത്താവ് ദിനംപ്രതി സഭയോട് ചേർത്തുകൊണ്ടിരിക്കുന്നു (അപ്പൊ. 2:47). ഇവർ വിവാഹ നിശ്ചയം കഴിഞ്ഞ കന്യകമാർ ആകുന്നു (2 കൊരി. 11:2). കർത്താവിന്റെ മണവാട്ടി എഫെ. 5:26,27-ൽ പറയുംപോലെ റിബെക്കയെപ്പോലെ കറ, ചുളുക്കം ഒന്നുമില്ലാതെ ശുദ്ധയും, നിഷ്കളങ്കയുമായിരിക്കേണം. വിവാഹനിശ്ചയം കഴിഞ്ഞ കന്യകയുടെ യാത്ര മരുഭൂമിയിൽകൂടി ആകുന്നു. ലോകമാകുന്ന ഒട്ടകപ്പുറത്തുള്ള യാത്ര വളരെ ക്ലേശകരമാണ്. ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും നമ്മെ വേർപിരിക്കാൻ ഒന്നിനും സാധിക്കുകയില്ല (റോമർ 8:35) എന്ന ഈ ഉറച്ച തീരുമാനത്തോടെ പരിശുദ്ധാത്മാവാകുന്ന കാര്യസ്ഥനോടൊപ്പം നമുക്ക് യാത്ര ചെയ്യാം. റിബെക്കാ വെളിമ്പ്രദേശത്തു വെച്ച് ഇസ്ഹാക്കിന്റെ കാന്തയായതുപോലെ മദ്ധ്യാകാശത്തിൽ പ്രിയന്റെ ചാരത്ത് അണയുവാൻ അവന്റെ കാന്തയായി ശോഭിക്കുവാൻ കാലം ആസന്നമായിരിക്കുന്നു. ആകയാൽ സഹോദരിമാരേ, വിശുദ്ധിയിൻ അങ്കി ധരിച്ചവരായി പ്രിയന്റെ വരവിനായി ഒരുങ്ങാം. പ്രത്യാശയോടെ കാത്തിരിക്കാം. അതിനായി ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. ●

## ബഥനി ബൈബിൾസ്കൂൾ കുമ്പനാട്

ദൈവഹിതമായാൽ സ്കൂളിന്റെ 62-ാമത് ബാച്ച് 2010 ജൂൺ 7 ന് ആരംഭിക്കുന്നതായിരിക്കും. പ്രവേശനം ആഗ്രഹിക്കുന്നവർ സൗജന്യ പ്രോസ്പെക്ടെസിനും അപേക്ഷാ ഫോറത്തിനും സ്ഥലംസഭയിലെ ചുമതലപ്പെട്ടവർ വഴി അപേക്ഷിക്കുക. സെക്രട്ടറി, ബഥനി ബൈബിൾസ്കൂൾ, പി.ബി. നമ്പർ 45, കുമ്പനാട് 689547.

**കോട്ടയം :** കെ.ഇ.എം.എഫ്നുള്ള കത്തുകൾ തുടർന്നും പഴയ അഡ്രസിൽ തന്നെ ആയിരിക്കണമേ. അന്വേഷണങ്ങൾക്ക് ജോ. സെക്രട്ടറി തോമസ് ചാണ്ടിയുമായി ബന്ധപ്പെടുക. e-mail thomaschandy@yahoo. com. Ph: 0481- 2311473, 9847796997.

# ക്രിസ്തുവിന്റെ മാർഗ്ഗവും – ഭാഗ്യകരമായ പ്രത്യാശയും

എ.കെ. ശശി, മൈലം (കൊട്ടാരക്കര)

ക്രിസ്തു വിശ്വാസികളുടെ പ്രത്യാശ, ഇഹത്തിലെ മറ്റേതിനേക്കാൾ വളരെ ഉന്നതമായ ഒന്നാണ്. വിശ്വാസികളുടെ ഈ പ്രത്യാശയാകട്ടെ 'മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു'വിനെ (കൊലൊ. 1:27) അടിസ്ഥാനമാക്കിയിരിക്കുന്നു. 'എന്റെ രാജ്യം ഐഹികമല്ല' എന്ന് വ്യക്തമാക്കിയ ക്രിസ്തു, തന്നിൽ വിശ്വസിക്കുന്നവർക്കായി 'അനശ്വരത' വാഗ്ദാനം ചെയ്തു (യോഹ. 14:1–3; ലൂക്കൊസ് 23:43). അതിനാൽ 'ഇളകാത്ത രാജ്യത്തെ' (എബ്രാ. 12:28) പ്രത്യാശിക്കുന്നവരാണ് ക്രിസ്തു വിശ്വാസികൾ. 'എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും' – 'ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവൻ ഒരുനാളും മരണം കാണുകയില്ല' (യോഹ. 11:25,26) എന്ന് യേശു ക്രിസ്തു പ്രസ്താവിച്ചു. (ഈ ലേഖകനെ വിശ്വാസത്തിലേക്കു നയിച്ചത് യോഹ. 11:25,26 തുടങ്ങിയ തിരുവചന വാക്യങ്ങളാണ്.)

**പ്രത്യാശയുടെ മാർഗ്ഗം:**– സഹനത്തിന്റെ, സ്നേഹത്തിന്റെ, സമാധാനത്തിന്റെ മാർഗ്ഗം പോലെ ക്രിസ്തുവിന്റെ മാർഗ്ഗം പരിപാവനമായ പ്രത്യാശയുടെ മാർഗ്ഗമാണ്. മനുഷ്യന് ഇത്ര പ്രത്യാശ തരുന്ന മറ്റൊരു മാർഗ്ഗം ഇഹത്തിലില്ല. ദൈവമക്കളായവർ ക്രിസ്തുമാർഗ്ഗത്തിൽ തുടരുന്നത് ഈ പ്രത്യാശ നിമിത്തമാണ്. ഇതര മതവിഭാഗങ്ങളിൽ നിന്നും ക്രിസ്തുവിന്റെ മാർഗ്ഗത്തെ വേറിട്ടു നിർത്തുന്ന 'സവിശേഷത' ഈ പ്രത്യാശയാണ്. അതുകൊണ്ടത്രേ ക്രിസ്തുവിന്റെ മാർഗ്ഗം 'Religion of Hope'– പ്രത്യാശയുടെ മതം എന്ന പേരിനും പ്രശസ്തിക്കും ആർഹമായിട്ടു നിലകൊള്ളുന്നത്. 'നാം ദൈവതേജസിന്റെ പ്രത്യാശയിൽ പ്രശംസിക്കുന്നു' (റോമർ 5:2).

**പ്രത്യാശ എന്തല്ല?:**– 'പ്രതീക്ഷിക്കുന്ന ആശ' എന്ന് പ്രത്യാശയെ വിവക്ഷിക്കാവുന്നതാണ്. മരണാനന്തരം സ്വർഗ്ഗീയ ഭവനത്തെ പ്രതീക്ഷിക്കുന്നവരാണല്ലോ ക്രിസ്തു വിശ്വാസികൾ. 'അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുമ്പോൾ' (ഫിലി. 3:20) തന്നെ നാം അവിടെ ചെന്നുചേരുമെന്നും പ്രതീക്ഷിക്കുന്നു. യഥാർത്ഥ പ്രത്യാശ ഈ വിധമിരിക്കേ, – വിശ്വാസികൾ സ്വർഗ്ഗീയമായതിനേക്കാൾ ഇഹലോകത്തിലെ കാര്യങ്ങൾക്കുവേണ്ടി പ്രത്യാശ വെക്കാമോ? അങ്ങനെയുള്ളവർക്കുത്തരമായി അപ്പൊസ്തലൻ പറയുന്നു. ഒരുത്തൻ കാണുന്നതിനായി ഇനി പ്രത്യാശിക്കുന്നതെന്തിന്? വിശ്വാസികൾ യഥാർത്ഥ ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കാൻ പാടില്ല. കാണുന്ന പ്രത്യാശയോ പ്രത്യാശയല്ല' എന്നു പ്രസ്താവിക്കുന്ന അപ്പൊസ്തലൻ– 'നാം 'കാണാത്തതിനായി പ്രത്യാശിക്കുന്നു'– 'അതിനായി ക്ഷമയോടെ കാത്തിരിക്കുന്നു' എന്നിങ്ങനെ പ്രബോധിപ്പിക്കുന്നു (റോമർ 8:24,25).

**പ്രത്യാശയോടെ അപ്പൊസ്തലൻമാർ:**– ക്രിസ്തീയ വിശ്വാസ ധീരന്മാരായ ഇവരുടെ പ്രത്യാശ എല്ലാക്കാലത്തുമുള്ള വിശ്വാസികൾക്ക് മാതൃകയും വെല്ലുവിളിയുമാണ്. അവരുടെ ലക്ഷ്യത്തിലേക്കുള്ള നിശ്ചയത്തിന്റെ വാക്കുകൾ നോക്കുക. 'ദൃശ്യമായവയെയല്ല, അദൃശ്യമായവയെയാണ് ഞങ്ങൾ ഉറ്റു നോക്കുന്നത്. ദൃശ്യമായവ നൈമിഷികങ്ങളാണ്. അദൃശ്യമായവയോ അനശ്വരങ്ങളത്രേ" (2 കൊരി. 4:18 – ഓശാനാ ബൈബിൾ). അപ്പൊസ്തലന്മാർ ക്രിസ്തുവിൽ അർപ്പിച്ചിരുന്ന പ്രത്യാശയുടെ ആഴം അളക്കാവുന്നതല്ല. അതിനായി അവർ വലിയ വില നൽകുകയും, റോമ. 8:35; 2 കൊരി. 11:23–28 വേദവാക്യങ്ങളിൽ വിവരിക്കുന്നതുപോലെ, പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയും ചെയ്തു. എന്നാൽ അതൊന്നും അവരുടെ പ്രത്യാശയ്ക്ക് ഭംഗം വരുത്തിയില്ല. ഒന്നാം നൂറ്റാണ്ടിനു ശേഷമുണ്ടായിട്ടുള്ള വിശ്വാസികളുടെ സ്ഥിതിയും മറിച്ചല്ലാ, ഡെയോക്ലീഷന്റെ (AD 284-305) കാലത്തു ക്രിസ്തുവിശ്വാസികൾ ക്രൂരമായി പീഡിപ്പിക്കപ്പെട്ടപ്പോഴും അവരുടെ നിലപാട് എന്തായിരുന്നുവെന്ന് ജെ.ഇ. സ്വെയ്ൻ രേഖപ്പെടുത്തിയിട്ടുണ്ട്. . . . . .ക്രൂരമായ ഈ മർദ്ദന വിധികളെ യാതൊരു പരാതിയും കൂടാതെ അവർ നേരിട്ടു എന്നല്ലാ, വാസ്തവത്തിൽ അവർ അതിനെ പാടിപ്പുകഴ്ത്തുകയായിരുന്നു. അനശ്വരതയെപ്പറ്റിയല്ലാതെ മരണത്തെപ്പറ്റിയും അനന്തമായ ആനന്ദത്തെപ്പറ്റിയല്ലാതെ താല്ക്കാലികമായ ശിക്ഷയെപ്പറ്റിയും ആരും ചിന്തിക്കാതിരിക്കുക എന്നുള്ളതായിരുന്നു അവരുടെ ഹർഷോന്മത്തമായ ആർത്തുവിളി' (ലോകനാഗരികതയുടെ ചരിത്രം പേജ് 249).

ക്രിസ്തീയ വിശ്വാസികളെ, നമ്മുടെ പ്രത്യാശ ഭാഗ്യകരമായ പ്രത്യാശയാണെന്നുള്ള (തീത്തോസ് 2:12). മൂല്യവത്തായ വാസ്തവം മനസ്സിലാക്കി ജീവിതം ലക്ഷ്യോന്മുഖമാക്കിത്തീർക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. കൂടാതെ സ്വർഗ്ഗീയമായതിനെ അധികമായി വാഞ്ഛിച്ചുകൊണ്ട് നമ്മിലുള്ള പ്രത്യാശയെക്കുറിച്ച് അഭിമാനപൂർവ്വം മറ്റുള്ളവരോടു പറയാനുള്ള ഒരുക്കം (1 പത്രൊസ് 3:15) ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനും ഇടയാകട്ടെ. അതിലേക്കു ദൈവമക്കളായ എല്ലാവർക്കും ദൈവം അധികമായ പ്രാപ്തി നൽകുമാറാകട്ടെ.

ആയിരമായിരംകോടി വാനഗോളങ്ങളെ താണ്ടി
പ്പോയിടുംനിൻമാർഗ്ഗമൂഹിക്കാവതോ? K.V.S.

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.111-ചോദ്യം

**വിഷയം : അവൻ (കർത്താവ്) ശക്തൻ**

**വായനഭാഗം** : മത്താ. 28, 2 കൊരി. 9, എഫെ.3, ഫിലി.3, 2 തിമൊ.1, എബ്രാ.7, യൂദ.

I. യേശുകർത്താവ് ഇവിടെ എത്രകാലം, എപ്പോഴെല്ലാം നമ്മോടുകൂടെ ഉണ്ട്?

II. നിങ്ങളിൽ സകല കൃപയും പെരുക്കുവാൻ ശക്തൻ ആര്?

III. നമ്മിൽ വ്യാപരിക്കുന്ന ശക്തിയാൽ എത്രത്തോളം ചെയ്‌വാൻ കർത്താവിന് കഴിയും?

IV. നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്താൻ ശക്തൻ ആര്?

V. ദൈവമക്കളുടെ ഉപനിധി കർത്താവു വരുന്നതുവരെ സൂക്ഷിപ്പാൻ ശക്തൻ ആര്?

VI. താൻ മുഖാന്തരമായി ദൈവത്തോട് അടുക്കുന്ന നമുക്കുവേണ്ടി പക്ഷവാദം ചെയ്യുവാൻ സദാ ജീവിക്കുന്ന കർത്താവ് നമ്മെ എത്രമാത്രം രക്ഷിപ്പാൻ പ്രാപ്തൻ (ശക്തൻ) ആണ്?

VII. വീഴാതവണ്ണം നമ്മെ സൂക്ഷിച്ച് തന്റെ മശിഹാസന്നിധിയിൽ കളങ്കമില്ലാത്തവരായി ആനന്ദത്തോടെ നിറുത്തുവാൻ ശക്തിയുള്ളവൻ ആര്?

**ശ്രദ്ധിച്ചാലും**

പേരും പൂർണ്ണവിലാസവും മുകളിൽ എഴുതിയ ശേഷം മാത്രം ഉത്തരം എഴുതിയാലും. ഉത്തരത്തിന്റെ അടിയിൽ ഒപ്പിട്ടിരിക്കണം. പുസ്തകം, അദ്ധ്യായം വാക്യനമ്പർ എന്നിവ എഴുതി അതിനു നേരെ വേദവാക്യപദങ്ങൾ ഉപയോഗിച്ച് പൂർണ്ണവാചകത്തിൽ ഉത്തരവും അതുപോലെ തന്നെ ഒത്തുവാക്യങ്ങളും മൂന്നിൽ കവിയാതെ എഴുതണം. മാസികയിൽ അച്ചടിച്ചു വന്നുകൊണ്ടിരിക്കുന്ന ഉത്തരം മാതൃകയാക്കാമല്ലോ. വായിക്കത്തക്കവണ്ണം വ്യക്തമായി എഴുതിയില്ലെങ്കിൽ മാർക്കു കുറയാം. അവരവർ സ്വന്തമായി വചനം പഠിച്ച് മാത്രം ഉത്തരം എഴുതുക. (അത്യാവശ്യമെങ്കിൽ മറ്റുള്ളവരോടു ചോദിച്ചു പഠിക്കാം.) ഉത്തരം കിട്ടേണ്ട അവസാന തീയതി 20-5-2010 വിദേശത്തുനിന്നുള്ളവർക്ക് 15 ദിവസത്തെ ഇളവ്.

പ്രാർത്ഥനയ്ക്ക് - ഈ ശുശ്രൂഷ ഇത്രകാലം അനുഗ്രഹകരമായി തുടരാൻ ലഭിച്ച അത്ഭുത കൃപയ്ക്കായി ദൈവത്തെ സ്തുതിക്കുന്നു. പ്രാർത്ഥിച്ച ഏവർക്കും കർത്തൃനാമത്തിൽ നന്ദി അറിയിക്കുന്നു. തുടർന്നും വളരെ മുട്ടിപ്പായി പ്രാർത്ഥിച്ചേ മതിയാകൂ.

വളരെ നാൾ മുതൽ ശ്രേഷ്ഠമായ ഉത്തരം എഴുതി വന്നിരുന്ന പ്രിയ സഹോദരി ഏലിയാമ്മ പൗലൊസ് (63) കാരിക്കാട്ട് 14-3-2010 ൽ ഹൃദ്രോഗം മൂലം അപ്രതീക്ഷിതമായി മഹത്വത്തിലേക്ക് ചേർക്കപ്പെട്ടിരിക്കുന്നു. വിയോഗദുഃഖത്തിൽ ഇരിക്കുന്നവർക്കായി പ്രാർത്ഥിക്കാം. ഏറെ താമസിയാതെ തേജസ്സിൽ വെളിപ്പെടുന്ന കർത്താവിനോടുകൂടെ നമുക്ക് ഏവർക്കും ഒരുമിച്ച് എന്നെന്നും സന്തോഷിക്കാമല്ലോ.

വിലാസം : ബൈബിൾ പ്രശ്നാവലി C/o T.M.M. Hospital, Vazhoor, Kottayam.

# ദൈവത്തിന്റെ ശിക്ഷണത്തിലെ മാധുര്യം(തുടർച്ച)

George C. Varghese, Trivandrum

**പത്രൊസ് യഥാസ്ഥാനപ്പെടുന്നു** - എന്നാൽ എന്തൊരൽഭുതം! ശീമോൻ വിട്ടു പോയില്ല. വിട്ടു പോ എന്നാണ് പറഞ്ഞത്. ശീമോൻ വിനയത്തോടെ നിന്നു. എളിമയോടെ നിന്നു. കർത്താവിന്റെ ശിഷ്യത്വം അവസാനിപ്പിച്ചില്ല. ശീമോൻ യഥാസ്ഥാനപ്പെട്ടു. ഞാൻ ദൈവത്തിന്റേത് കരുതിയില്ല. ഞാൻ മനുഷ്യരുടേതുമാത്രമേചിന്തിച്ചുള്ളൂ. വെറും ജഡസ്നേഹം മാത്രമേ എനിക്ക് കർത്താവിനോടുണ്ടായിരുന്നുള്ളൂ. ഞാൻ കർത്താവിനെ വേണ്ടവണ്ണം മനസ്സിലാക്കിയില്ല. കർത്താവിന്റെ സ്നേഹത്തിൽ തുടരാൻ സാധിച്ചത് ശീമോന് എത്ര ഭാഗ്യമായി; അല്ലെങ്കിൽ ഇതൊരു 'യുഗപരമായ വിഢിത്വം' എന്ന് പിൽക്കാലത്ത് വിശ്വാസികൾ പറയേണ്ടി വരുമായിരുന്നു.

പ്രിയമുള്ളവരേ, നാം ആയിരുന്നെങ്കിൽ എങ്ങനെയായിരിക്കും നമ്മുടെ പ്രതികരണം? ഇഷ്ടമില്ലാത്ത ഒരു വാക്ക് സഭാനേതൃത്വത്തിൽ നിന്നോ, കർത്തൃദാസന്മാരിൽ നിന്നോ ഉണ്ടായാൽ എന്തായിരിക്കും ഫലം. എത്രനാൾ പിണങ്ങി മിണ്ടാതിരിക്കും? സഭയിലെ ആത്മീയാന്തരീക്ഷം എല്ലാം താറുമാറാക്കും. ചത്ത ഒരീച്ച തൈലക്കാരന്റെ തൈലം നാറുമാറാക്കുന്നു. സാധിക്കുമെങ്കിൽ ചിലരെക്കൂട്ടി പുതിയൊരു കൂടിവരവിന് ശ്രമിക്കും. ദൈവം നമ്മെ ഉപയോഗിക്കാതിരിക്കുന്നതിന്റെ പ്രധാന കാരണക്കാർ നാം തന്നെയാണ്. ദൈവസന്നിധിയിൽ വിനയപ്പെടുവാൻ നമുക്ക് സാധിക്കുന്നില്ല. അതുകൊണ്ട് എന്തു സംഭവിക്കുന്നു? കൂട്ടായ്മകളിൽ കൂടിവരവുകളിൽ പണ്ടത്തെ സ്ഥായിയില്ല, തീഷ്ണതയില്ല. എരിവ് കുറഞ്ഞുപോയി, സുവിശേഷ വേല ചെയ്യാൻ സമയമില്ല. നല്ല സമയം മുഴുവൻ സഹവിശ്വാസികളെ, കർത്തൃദാസന്മാരെ വിമർശിക്കാനും അവരെ തേജോവധം ചെയ്യാനും ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. മകനേ അപകടം പതിയിരിക്കുന്നു."ശിംശോനേ ഉൾമുറിയിൽ പതിയിരിപ്പുകാരുണ്ട്"

**പത്രൊസിനോട് കർത്താവ് കരുണയോടുകൂടി ഏർപ്പെടുന്നു.** - കർത്താവ് പത്രൊസിനോട് ഏർപ്പെട്ടത് എങ്ങനെയാണ്? "ആറു ദിവസം കഴിഞ്ഞശേഷം, യേശു പത്രൊസിനെയും യാക്കോബിനേയും യോഹന്നാനെയും കൂട്ടി തനിച്ച് ഒരു ഉയർന്ന മലയിലേക്ക് കൊണ്ടുപോയി അവരുടെ മുൻപാകെ രൂപാന്തരപ്പെട്ടു" (മത്തായി. 17:1)

പ്രിയ സഹോദരങ്ങളേ, ഈ ഭാഗം ധ്യാനിക്കുമ്പോൾ കർത്താവിനോടുള്ള സ്നേഹം നമ്മുടെ ഹൃദയത്തിൽ തിങ്ങി വിങ്ങട്ടെ. കേവലം 6 ദിവസം കഴിഞ്ഞപ്പോഴാണ് കർത്താവ് ശീമോനെ കൂട്ടിക്കൊണ്ട് മറുരൂപമലയിലേക്ക് കയറിപ്പോകുന്നത്. കർത്താവ് ദയാലു എന്ന് നാം ആസ്വദിച്ചിട്ടുണ്ടല്ലോ. ചില ദിവസങ്ങൾക്ക് മുൻപ് 'സാത്താൻ' എന്ന് വിളിച്ചവൻ കർത്താവിന്റെ പ്രീതിഭാജനമായിരിക്കുന്നു.

രക്ഷകന്റെ പ്രത്യേകമായ പ്രീതി നേടിയ പത്രൊസിനും യാക്കോബിനും യോഹന്നാനും അവന്റെ രൂപാന്തരപ്പെട്ട അവസ്ഥ ദർശിക്കുവാൻ ഭാഗ്യം സിദ്ധിച്ചു. അതുവരെ അവന്റെ മഹത്വം ഒരു ശരീരത്താൽ ആവരണം ചെയ്യപ്പെട്ടിരിക്കുകയായിരുന്നു. എന്നാൽ ഇപ്പോൾ അവന്റെ മുഖം സൂര്യനെപ്പോലെ ശോഭിച്ചു. അവന്റെ വസ്ത്രം വെളിച്ചംപോലെ വെള്ളയായിത്തീർന്നു. ഈ രൂപാന്തരപ്പെട്ട അവസ്ഥ ദർശിക്കാൻ കർത്താവിന്റെ പ്രത്യേക പ്രീതിവാത്സല്യത്തിന് പാത്രീഭവിച്ച ഈ മൂവർസംഘത്തിന് മാത്രമേ സാധിച്ചുള്ളൂ. യായിറോസിന്റെ മകളെ ഉയിർപ്പിക്കുന്ന വേളയിലും ഗത്ശമനയിലെ തന്റെ അതിവ്യഥയുടെ വേളയിലും പത്രൊസുൾപ്പെടെയുള്ള ഈ മൂവർസംഘത്തെ നമുക്ക് കാണാം. തന്റെ ഉള്ളം മരണവേദനപോലെ അതിദുഃഖിതമായിരിക്കുന്നു എന്ന് പത്രൊസിനോടും യാക്കോബിനോടും യോഹന്നാനോടും തുറന്ന മനസ്സോടെ അറിയിക്കത്തക്കവണ്ണം അത്രമാത്രം കർത്താവിനോട് അവർക്കും, അവർക്ക് കർത്താവിനോടും അടുപ്പമുണ്ടായിരുന്നു. ഒരിക്കൽ ഈ പത്രൊസാണ് ഞാനവനെ അറിയുന്നില്ല എന്ന് വേലക്കാരിയുടെ മുൻപിൽ പ്രാകുവാനും ആണയിടുവാനും തുടങ്ങിയത്. ഈ പത്രൊസാണ് കർത്താവിന്റെ ക്രൂശീകരണത്തിന്റെ തീവ്രഘട്ടത്തിൽ അവനെ അകലം വിട്ട് പിൻചെന്നത്. കർത്താവു ഈ കാരണങ്ങളാൽ അവനെ തന്റെ ശിഷ്യത്വത്തിൽ നിന്നും മാറ്റി നിർത്തിയോ? കൂടാതെ സഹശിഷ്യന്മാരോ, സഹവിശ്വാസികളിലാരെങ്കിലുമോ പത്രൊസിനെ സാത്താനെന്നോ, മറ്റേതെങ്കിലും പേരു പറഞ്ഞോ ദുഷിക്കുന്നതായോ ആക്ഷേപിക്കുന്നതായോ കാണുന്നുണ്ടോ? ഇല്ല. കാരണം "നീതീകരിക്കുന്നവൻ ദൈവം. കുറ്റം വിധിക്കുന്നവനാർ? ദൈവം തിരഞ്ഞെടുത്തവരെ ആര് കുറ്റം വിധിക്കും? ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്ന് വേർപെടുത്തുന്നവനാർ? (റോമർ 8:31-39).

തന്റെ ഉയിർത്തെഴുന്നേല്പിന് ശേഷം ഈ പത്രൊസിനെയാണ് "നിങ്ങൾ ക്രൂശിച്ചവനും, ദൈവം മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചവനുമായി നസറയനായ യേശുക്രിസ്തുവിന്റെ നാമത്തിൽ തന്നെ ഇവൻ സുന്ദരം എന്ന ദൈവാലയ ഗോപുര

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**കൊല്ലം സോദരീഭവൻ :** 2009 മാർച്ചിൽ വിശ്വാസത്താൽ ആരംഭിച്ച സോദരീഭവൻ അനക്സിന്റെ പണി ഏകദേശം പൂർത്തീകരിക്കപ്പെട്ടതിനാൽ അതിന്റെ ഉദ്ഘാടനവും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഇംഗ്ലീഷ്മീഡിയം ബൈബിൾ സ്കൂളിന്റെ സമാപനവും ഏകോപിച്ച് 2010 മാർച്ച് 20 ന് ശനിയാഴ്ച നടത്തുവാൻ കർത്താവ് സഹായിച്ചു. പ്രസംഗകർ - ഡോ. ഒ.എം. ശാമുവേൽ, വർഗീസ് കുര്യൻ ആയിരുന്നു. തോമസ് രാജൻ, സ്റ്റീവേഡ് അസ്സോസിയേഷൻ ജനറൽ സെക്രട്ടറി പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. തുടർന്നും ഈ പ്രവർത്തനത്തെ പ്രാർത്ഥനയിൽ ഓർത്താലും. എന്ന് സോദരീഭവനുവേണ്ടി ജോയ്സ്സ് മാത്യു (സെക്രട്ടറി & ട്രഷറാർ).

**ഝാൻസി** : 4 പേരുമായി ആരംഭിച്ച ഝാൻസി സഭയിൽ ഇപ്പോൾ 40ൽ അധികം വിശ്വാസികൾ ഉണ്ട്. ഗഡ്മൗ, ലക്ഷ്മൺപുരം എന്നീ ഗ്രാമങ്ങളിൽ എല്ലാ ആഴ്ചയിലും ആരാധനയും സുവിശേഷയോഗങ്ങളും നടക്കുന്നു. കഴിഞ്ഞ സീക്കേഴ്സ ക്യാമ്പിൽ ഏകദേശം 100 പേർ പങ്കെടുത്തു. അതിൽ 15 പേർ രക്ഷിക്കപ്പെട്ടു. 4 പേർ കർത്താവിനെ ജലത്തിൽ സാക്ഷിച്ച് സഭയോടു ചേർന്നു. Parichha യിൽ നടന്ന മേളയിലും ജില്ലയുടെ വിവിധ സ്ഥലങ്ങളിൽ നടന്ന ഗോസ്പൽ ഔട്ട്റീച്ച് പ്രവർത്തനത്തിലും ടീമായി പ്രവർത്തിപ്പാൻ കർത്താവ് സഹായിച്ചു. വി.ബി.എസ്. ഔട്ട്റീച്ച് പ്രവർത്തനങ്ങൾക്കായും ദൈവമക്കൾ പ്രാർത്ഥിച്ചാലും. എന്ന് പി. പി. ഫിലിപ്പോസ്. (ഇവാ.)

**ലക്ഷദ്വീപ് :** ലക്ഷദ്വീപിന്റെ മണ്ണിൽ ഒരു പ്രാവശ്യം കൂടെ സുവിശേഷ പ്രവർത്തനം 2010 ഫെബ്രു. 8 - 12 വരെ നടക്കുവാൻ ദൈവം കൃപ നൽകി. 3 പേർ 3 ദ്വീപുകളിൽ ഓരോ വീടുകളിലും ചെന്ന് 150 പുതിയനിയമം ചരിത്രത്തിലാദ്യമായി കൊടുക്കുവാൻ ദൈവം സഹായി

---

ത്തിന്റെ മുന്നിലിരുന്ന മുടന്തൻ (അപ്പൊ. പ്ര. 3) സൗഖ്യമുള്ളവനായി നിങ്ങളുടെ മുമ്പിൽ നിൽക്കുന്നു എന്ന് നിങ്ങൾ എല്ലാവരും യിസ്രായേൽ ജനം ഒക്കെയും അറിഞ്ഞു കൊൾവീൻ (അപ്പൊ. 4:10) എന്ന് ന്യായാധിപസംഘത്തെ വെല്ലുവിളിച്ചു കൊണ്ട് അവരെ സ്തബ്ദരാക്കുവാൻ ദൈവം പ്രാപ്തിപ്പെടുത്തിയത്. വേദപുസ്തകത്തിലെ ഏറ്റം കാതലായ സുവിശേഷത്തിന്റെ വിളംബരം ഈ പത്രൊസിൽക്കൂടെയാണ് ലോകത്തെ അറിയിച്ചത്. "മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻകീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല" അവനില്ലാതെ രക്ഷാമാർഗ്ഗമില്ല, ഇന്ത്യയിലെ മറ്റുവിഭാഗങ്ങളിൽപ്പെട്ട അനേകർ ക്രിസ്ത്യാനികൾക്കെതിരെ ആക്രമം അഴിച്ചുവിടുന്നതിനുള്ള പ്രധാനകാരണം ഈ അപ്രിയ സത്യമാണ്. മറ്റു രക്ഷകന്മാരുടെ കൂട്ടത്തിൽ ഒരുവൻ ക്രിസ്തു എന്നു നാം പഠിപ്പിച്ചിരുന്നെങ്കിൽ സുവിശേഷത്തോട് ഇത്രമാത്രം അവർക്കെതിരുണ്ടാകുമായിരുന്നില്ല. എന്നാൽ നിത്യനായ ദൈവം പത്രൊസിൽക്കൂടെ ഈ വലിയ സത്യം ലോകത്തോടും വിളംബരം ചെയ്തിരിക്കുകയാണ്. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്ക് തരുന്നു എന്നാണ് കർത്താവ് പത്രൊസിനോട് പറഞ്ഞത്. പത്രൊസിന്റെ ഒരൊറ്റ പ്രസംഗത്തിൽ 3000 പേരാണ് രക്ഷിക്കപ്പെട്ടത്. പത്രൊസ് അവരെയൊക്കെ സ്നാനപ്പെടുത്തി തളർന്നിരിക്കാം. അത്രമാത്രം ഈ കർത്തൃദാസനെ ദൈവം ഉപയോഗിച്ചു. പ്രിയരേ സത്യമായും നിങ്ങൾ വിശ്വസിക്കൂ, ശാസന കേൾക്കുന്ന മനുഷ്യൻ ഭാഗ്യവാൻ ശിക്ഷണം കിട്ടുന്ന മനുഷ്യൻ ഭാഗ്യവാൻ. "ബാലസിംഹങ്ങളും ഇരകിട്ടാതെ വിശന്നിരിക്കും; യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല (സങ്കീ. 34:10).

**സഹവിശ്വാസികളോടുണ്ടായിരിക്കേണ്ട നമ്മുടെ മനോഭാവം** - ആത്മീയ ഗോളത്തിൽ എല്ലാവരേയും അടക്കി ഭരിക്കാൻ ഇതര സമുദായങ്ങളിൽ കാണുന്നതുപോലെ വ്യഗ്രതപ്പെടുന്നവർ ഉണ്ട്. അവർ എളിയ വിശ്വാസികളെ കടിച്ചുകീറാനായി, പിച്ചിച്ചീന്താനായി അവസരങ്ങളെ നോക്കി പാർക്കുന്നു. ആത്മാക്കളുടെ രക്ഷയല്ല അവരുടെ മുഖ്യ വിഷയം. എന്നാൽ യഥാർത്ഥമായി കർത്തൃവേലയിലായിരിക്കുന്ന കർത്തൃദാസന്മാർക്ക് ആത്മാക്കളെ നൽകി അവരുടെ പ്രവർത്തനങ്ങളെ ദൈവം ആദരിക്കും. "എന്റെ ഓട്ടവും ദൈവകൃപയുടെ സുവിശേഷത്തിന് സാക്ഷ്യം പറയേണ്ടതിന് കർത്താവായ യേശു തന്ന ശുശ്രൂഷയും തികക്കേണം. എന്നേ എനിക്കുള്ളൂ'' (അപ്പൊ. 20:24) എന്നുള്ള തീരുമാനത്തിൽ അവർ മുന്നേറും. ഒരിക്കൽ "നല്ലവനും വിശ്വസ്ഥനുമായ ദാസനെ" എന്ന് തന്റെ സമ്മുഖത്തുനിന്നും ഉള്ള വിളി കേൾപ്പാനായി നമുക്ക് തന്റെ വേലയിൽ വർദ്ധിച്ചു വരാം.

"അനീതികൊണ്ട് സത്യത്തെ തടുക്കുന്ന മനുഷ്യരുടെ സകല അഭക്തിക്കും അനീതിക്കും നേരെ ദൈവത്തിന്റെ കോപം സ്വർഗ്ഗത്തിൽ നിന്ന് വെളിപ്പെടുന്നു (റോമ. 1:18). ആയതിനാൽ ദൈവത്തെ ഭയപ്പെട്ട് പടചേർത്തവനെ പ്രസാദിപ്പിച്ചുകൊണ്ട്, തന്റെ വേലയിൽ വർദ്ധിച്ചുവരുവാൻ ദൈവമായ കർത്താവ് ഏവരേയും സഹായിക്കുമാറാകട്ടെ.●

ച്ചു. കെ.സി. ഉദയൻ, ബാബു വർഗീസ് നടത്തറ, രാജൻ വർഗീസ് എന്നിവർ കൊടുത്ത വചനം വായിച്ച് അനേകർ രക്ഷാനിർണ്ണയം പ്രാപിക്കുവാനായി പ്രാർത്ഥിക്കണമേ. എന്ന് കെ.സി. ഉദയൻ.

## രോഗികൾ

**കോട്ടയം :** കെ.ഇ.എം.എഫ്. സെക്രട്ടറി സഹോ. കെ. പോൾ തോമസ് ഹാർട്ട് ഓപ്പറേഷനെത്തുടർന്ന് വെല്ലൂർ ഹോസ്പിറ്റലിൽ കഴിയുന്നു. പൂർണ്ണ സൗഖ്യത്തിനായി ദൈവമക്കൾ പ്രാർത്ഥിക്കണമേ.

**കൊഴുമം :** സുവി. പി.പി. തോമസ് ഹൃദയസംബന്ധമായ അസുഖംകാരണം ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നു. ദൈവമക്കളുടെ ശ്രദ്ധയേറിയ പ്രാർത്ഥന അപേക്ഷിക്കുന്നു. എന്ന് പി.പി. തോമസ്, ഗ്രേസ് ഹോം, കൊഴുമം പി.ഒ. കോയമ്പത്തൂർ – 642204.

**കടമ്പനാട് :** ഈ സഭാംഗം അനീഷ് ബാബു (24) അപസ്മാര രോഗത്താൽ തിരുവനന്തപുരം മെഡിക്കൽ കോളജിൽ അഡ്മിറ്റായിരിക്കുന്നു. കഴിഞ്ഞ 20 വർഷമായി ഈ കുടുംബം മെഡിക്കൽ കോളജിലെ ചികിത്സയിലാണ്. സ്വന്തമായി ഒരു ഭവനംപോലും ഇല്ലാത്ത നിർദ്ധനരായ ഇവർ ബാബുവിന്റെ കൂലിവേലകൊണ്ടു മാത്രമാണ് കഴിയുന്നത്. ദൈവജനം ഈ വിഷയം ഓർത്ത് പ്രാർത്ഥിക്കുകയും സാമ്പത്തീക കൂട്ടായ്മ കാണിക്കുകയും ചെയ്യണമേ. കൂട്ടായ്മ അയയ്ക്കുന്നവർ അജീഷ് ബാബു, കല്ലുതുണ്ടിയിൽ വീട് നാലാംമൈൽ കടമ്പനാട് പി.ഒ. 691553A/c No. 67059388780, SBT Kadambanad. എന്ന് സുവി. ഡി. ജോർജ്ജ്, ബാബു എസ്.

## കൺവൻഷൻ / ക്യാമ്പ്

**S.B.S.** തൃശൂർ സെന്റർ ക്യാമ്പ് 2010

സ്ഥലം : സീയോൻ ബ്രദറൺ സഭ നെല്ലിക്കുന്ന്

തീയതി : 2010 ഓഗസ്റ്റ് 22 – 26 വ്യാഴം വരെ

പ്രസംഗകർ : ഏബ്രഹാം തോമസ് പുല്ലാട്, ബിനു സാമുവേൽ, ജോർജ്ജ് കോശി, ജി. ധർമ്മരാജൻ

ക്യാമ്പ് തീം: യേശുവിനെ ശ്രദ്ധിച്ചു നോക്കുക.

മത്സരം : A, B ഗ്രൂപ്പ് – കഥ, C,D ഗ്രൂപ്പ് – സംഗീതം, AB, CD – വേദവിജ്ഞാനം, AB ഗ്രൂപ്പ് – വേദവിജ്ഞാനം മർക്കോസ് സുവിശേഷത്തിൽ നിന്നും CD ഗ്രൂപ്പ് – അപ്പൊ. പ്രവർത്തി പുസ്തകത്തിൽ നിന്നുമായിരിക്കും.

പ്രാർത്ഥിക്കുകയും ഒരുങ്ങുകയും ചെയ്താലും. എന്ന് തൃശൂർ സെന്റർ സെക്രട്ടറി ജോഷി ജോൺ സി. 9846009285.

### മാങ്കുളം കൺവൻഷൻ

സ്ഥലം : മാങ്കുളം ജംഗ്ഷൻ

സമയം : 2010 ഏപ്രിൽ 14–15

ഉദ്ഘാടനം : സുവി. വി.എം. പോൾ (രാജാക്കാട്ട്)

പ്രഭാഷകർ : ചാണ്ടപ്പിള്ള ഫിലിപ്പ്, സന്തോഷ് കുമാർ

ദൈവജനത്തിന്റെ സാന്നിദ്ധ്യവും പ്രാർത്ഥനയും സഭയായി അഭ്യർത്ഥിക്കുന്നു. എന്ന് അരുൺ കെ.പോൾ, 9446920419. ബിനു ബേബി 9496432170, കോശി കെ. പോൾ 9447986466.

### ബ്രദ്റൺ ജനറൽ കൺവൻഷൻ, കുമ്പനാട്

108–ാമതു ജനറൽ കൺവൻഷൻ കുമ്പനാട്ടു വെച്ച് 2010 ഡിസം. 19 ഞായർ മുതൽ 26 ഞായർ വരെ നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു. കുമ്പനാട്ടും പരിസരപ്രദേശങ്ങളിലുമുള്ള 125 സഭകളുടെ സഹകരണത്തിൽ നടക്കുന്ന ഈ കൺവൻഷൻ അനുഗ്രഹപ്രദമാകുവാനും കർത്തൃനാമം മഹത്വപ്പെടുവാനും ദൈവജനം പ്രാർത്ഥിക്കണമെ. കൺവൻഷൻ കമ്മറ്റിക്കുവേണ്ടി, കൺവീനർ. പി.ഇ. സാംകുട്ടി.

**S.B.S. തിരുവനന്തപുരം സെന്റർ :** 2 വർഷത്തിലൊരിക്കൽ നടത്തിവരാറുള്ള ക്യാമ്പ് 2010 ഏപ്രിൽ 13 –17 ശനി വരെ നെയ്യാറ്റിൻകര വ്ളാങ്ങാമുറി ലോഗോസ് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. "ജീവന്റെ പുതുക്കത്തിൽ നടക്കുക" എന്നതാണ് തീം. ജോർജ്ജ് കോശി, അനിയൻ വർഗീസ്, കെ. ഗോപിനാഥ്, റ്റി.പി. കനകരാജ്, ഏബ്രഹാം മാത്യൂസ്, ജെയ്സൺ ഡി. ജോസഫ്, ഡി. സ്റ്റീഫൻ എന്നിവർ പ്രധാന ലീഡേഴ്സ് ആയിരിക്കും. ഏകദേശം 700 ഓളം അംഗങ്ങൾ പങ്കെടുക്കുന്ന ഈ ക്യാമ്പിനെയും ഏപ്രിൽ മെയ് മാസങ്ങളിൽ നടത്തപ്പെടുന്ന വി.ബി.എസി.നെയും തിരുവനന്തപുരം സെന്ററിന്റെ പ്രവർത്തനങ്ങളെയും പ്രാർത്ഥനയിൽ ഓർത്താലും. Y.C. Das (Secretary), Kallampotta Gilgal,Ooruttambalam P.O. TVM - 695507, Ph: 0471-2299532.

**S.B.S. നിലമ്പൂർ :** 2 വർഷത്തിൽ ഒരിക്കൽ നടത്തിവരുന്ന ക്യാമ്പ് 2010 ഏപ്രിൽ 26–29 വരെ പാലേമാട് ബ്രദറൺ സഭയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. "മനസ്സുപുതുക്കി രൂപാന്തരപ്പെടുക" എന്നതായിരിക്കും ക്യാമ്പ് തീം. പ്രധാന ലീഡേഴ്സായി ഏബ്രഹാം തോമസ് പുല്ലാട്, റെജി കെ. തോമസ്, വി. ജെ. മാത്യു എന്നിവർ ഉണ്ടായിരിക്കും. ഈ ക്യാമ്പിന്റെ അനുഗ്രഹത്തിനുവേണ്ടി പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ എന്ന് സെക്രട്ടറി റ്റിജുമോൻ ചാക്കോ. ളാഹമണ്ണിൽ ഹൗസ്, പള്ളിക്കുത്ത് പി.ഒ., നിലമ്പൂർ, മലപ്പുറം – 679334.

**പെരുമ്പാവൂർ :** ജി.റ്റി.സിയുടെ അടുത്ത ഒരുമാസ തീവ്രപഠന ബൈബിൾ കോഴ്സ് മലയാളം മാധ്യമത്തിൽ ഏപ്രിൽ 11 –മെയ് 9 വരെ അടൂർ പരുത്തപ്പാറ ബ്രദറൺ സഭയുടെ സഹകരണത്തോടെ പരുത്തപ്പാറയിൽ നടക്കും. വേദശാസ്ത്രത്തിലെ എല്ലാ വിഷയങ്ങളും കൂടാതെ വിവിധ മതങ്ങൾ, ആരാധന, ശിഷ്യത്വം, സുവിശേഷീകരണം എന്നീ വിഷയങ്ങളും പഠനവിധേയമാക്കും. 16 വയസ്സു മുതൽ പ്രായമുള്ള സഹോദരന്മാർക്ക് താമസിച്ച് പഠിക്കാം. സഹോദരിമാർക്ക് പകൽ ക്ലാസ്സുകളിൽ പങ്കെടുക്കാം. വേർപെട്ട ദൈവജനത്തിന്റെ ഇടയിലെ വേദപണ്ഡിതരായ ദൈവദാസന്മാർ ക്ലാസ്സുകൾ എടുക്കുന്നു. കോഴ്സ് പൂർത്തിയാക്കുന്ന എല്ലാവർക്കും സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. പഠനം നടത്തുവാനാഗ്രഹിക്കുന്നവർ ഏപ്രിൽ 5 ന് മുമ്പായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിലാസം – സജീവ് വർഗ്ഗീസ്, പ്രിൻസിപ്പാൾ, ജി.റ്റി.സി., ഇരിങ്ങോൾ പി.ഒ., പെരുമ്പാവൂർ എന്ന് സഭയ്ക്കുവേണ്ടി പി.പി. മാത്യു, സിഎസ്. തോമസ്. ജി.റ്റി.സിക്കുവേണ്ടി പി.ജി. ജെയിംസ് സെക്രട്ടറി.

### സുവിശേഷ മഹായോഗം

സ്ഥലം : ഏലിയറയ്ക്കൽ (കോന്നി) ബ്രദറൺ സഭാഹാൾ

സമയം : 2010 ഏപ്രിൽ 15 മുതൽ 18 വരെ

പ്രസംഗകൻ : സഹോ. ജോൺ പി. തോമസ്, എറണാകുളം പ്രാർത്ഥനാപൂർവ്വം ഏവരേയും ക്ഷണിച്ചു കൊള്ളുന്നു. എന്ന് എം.റ്റി. ജോർജ്ജ്.

**തിരുവനന്തപുരം :** മുള്ളിലവുവിള ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ 2010 മെയ് 14–16 വരെ സുവിശേഷയോഗങ്ങൾ നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. അനിയൻ വർഗീസ് ദൈവവചനം ശുശ്രൂഷിക്കുന്നതായിരിക്കും. ദൈവജനത്തിന്റെ പ്രാർത്ഥന അഭ്യർത്ഥിക്കുന്നു. എന്ന് സഭയ്ക്കുവേണ്ടി എൻ. ഡേവിഡ്, എൻ.എ. മാത്യു.

**കർണാടക Y.M.E.F. :** 4-ാമത് വാർഷിക ബൈബിൾ സ്റ്റഡി ക്യാമ്പ് കാർക്കള്ള ക്രിസ്തു സേവകീ ആശ്രമത്തിൽ 2010 ഏപ്രിൽ 21 – 23 വരെ നടക്കുന്നു. **പ്രസംഗകർ –** ജോസ് മാത്യു, ജോസ് മാങ്കുടി, രാജു കെ. മാത്യു എന്നിവരാണ്. **ക്യാമ്പ് തീം –** ക്രിസ്ത്യൻ ഫാമിലി & അസംബ്ലി. കർണാടകയിലുള്ള സഭകൾ പങ്കെടുക്കുന്നു. 150 പേർക്ക് പ്രവേശനം. 80,000/– രൂപ ചെലവ് പ്രതീക്ഷിക്കുന്നു. പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമേ എന്ന് ജോയി ചാക്കോ. സെക്രട്ടറി.

## സുവിശേഷ വയലിലേയ്ക്ക്

**നെല്ലൂദിക്കേരി (കർണ്ണാടക) :** ഈ സ്ഥലം സഭാംഗം സഹോ. സ്റ്റാനി വി.എസ്. പഠനം പൂർത്തിയായ ശേഷം ജോലിക്കായ് രായ്ച്ചൂരിൽ പോയപ്പോൾ സുവി. റ്റി.ജെ. മാത്യുവിനോടൊപ്പം അവിടുത്തെ സുവിശേഷ പ്രവർത്തനത്തിന് സഹകരിക്കുകയും കർത്താവിന്റെ വിളി അനുസരിച്ച് കഴിഞ്ഞ 1 വർഷമായി രായ്ച്ചൂരിൽ സുവിശേഷ വയലിൽ ഉത്സാഹത്തോടെ സുവി. റ്റി.ജെ. മാത്യുവിനോടൊപ്പം പ്രവർത്തിക്കുന്നു. സഹോദരന്റെ സുവിശേഷ വയലിലുള്ള ഉത്സാഹവും കർത്താവിന്റെ വിളിയും സഭയ്ക്ക് ബോധ്യമായതുകൊണ്ട് ഈ സഹോദരനെ സുവിശേഷകനായി സഭ അംഗീകരിച്ച് പ്രാർത്ഥിച്ച് വേലയ്ക്ക് സമർപ്പിച്ചു. തനിക്ക് പിതാവ്, മാതാവ്, പഠിക്കുന്ന 2 ചെറിയ സഹോദരന്മാർ ഉണ്ട്. ദൈവമക്കളുടെ പ്രാർത്ഥനയിൽ ഈ സഹോദരനെയും കുടുംബത്തെയും പ്രവർത്തനത്തെയും ഓർത്തുകൊള്ളേണമേ. വിലാസം V.S. Stany, P.B. No. 6, H.No. 7-6-84.53/A, Vasavi Nagar, Raichur - 584103, Karnataka, Mob : 9590114950. എന്ന് എൻ. എ. ഗണേഷ്, റ്റി.ജെ. മാത്യു.

## വിവിധ വിഷയങ്ങൾ

**ബഹ്റൈൻ വരിക്കാരുടെ ശ്രദ്ധയ്ക്ക് :** ആത്മപ്രകാശിനി മാസികയുടെ ബഹ്റൈൻ വരിക്കാരുടെ സൗകര്യാർത്ഥം വരിസംഖ്യ വാങ്ങുന്നതിനായി സഹോ. ജേക്കബ് പി. ഏബ്രഹാം പി.ബി. നമ്പർ 10113, മനാമ, ബഹ്റൈനുമായി ബന്ധപ്പെടുക. email: jacobelapu-@gmail.com

**ആത്മപ്രകാശിനിയുടെ** വായനക്കാരിൽ സ്വദേശത്തും വിദേശത്തുമുള്ളവരിൽ പലരും കുടിശ്ശികക്കാരാണ്. കുടിശ്ശികയുള്ളവർ എത്രയും വേഗം അയച്ചുതന്ന് സഹകരിക്കണമേ. അറിയിപ്പുകൾ പരിഗണിച്ച് കുടിശ്ശികയും വരിസംഖ്യ മുൻകൂറായും അയച്ചുതന്ന് സഹകരിക്കുന്ന മാന്യ


RN.No. 36067/ 81

Postal Reg. No. KL/TLA/44/2009-11 dt.14-11-08

ആത്മപ്രകാശിനി

**If undelivered Please return to:**
**Athma Prakashini**
**P.B.No.10**
**Kumbanad**
**Thiruvalla 689 547**

**Printed and Published by**
**C.A.George**
**at Excel Offset Printers, Omallor**


വായനക്കാരോടുള്ള നന്ദിയും അറിയിക്കുന്നു. വിലാസം മാറുമ്പോൾ പുതിയ വിലാസത്തോടൊപ്പം പഴയ വിലാസവും അറിയിക്കുവാൻ മറക്കരുത്. എന്ന് മാനേജർ.

## അഭ്യർത്ഥന

**കൊട്ടാരക്കര :** കടമ്പനാട് ബ്രദറൺ സഭാഹാൾ പണിക്കായി ഒരു അഭ്യർത്ഥന പുറപ്പെടുവിച്ചതിന്റെ ഫലമായി ഇതുവരെ 45000 രൂപാ ലഭിച്ചിട്ടുണ്ട്. ഈ തുക കൊണ്ട് പണി തുടങ്ങാൻ കഴിഞ്ഞെങ്കിലും അതു പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. ദൈവമക്കളുടെ സഹായത്താൽ മാത്രമേ അത് പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. വളരെ പാവപ്പെട്ട സഭാംഗങ്ങളുള്ള ഈ സഭയുടെ ആവശ്യത്തിൽ എല്ലാ ദൈവമക്കളും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സംഭാവന അയയ്ക്കുന്നവർ സഭയുടെ അക്കൗണ്ടിൽ മാറത്തക്കവണ്ണം (അക്കൗണ്ട് നമ്പർ 57055693135, എസ്.ബി.റ്റി., കടമ്പനാട് ബ്രാഞ്ച് എന്നെഴുതി) ജെ.ജെയിംസ്, ചരിവുവിള പുത്തൻവീട്, മുണ്ടപ്പള്ളി, മണക്കാലാ പി. ഒ., അടൂർ എന്ന പേരിൽ അയയ്ക്കണമെന്ന് അറിയിക്കുന്നു. ക്രിസ്തുവിൽ സഹോദരൻ, പ്രൊഫ. മാത്യൂസ് ഏബ്രഹാം, കൊട്ടാരക്കര.

**ഝാൻസി** : Garhmau ഗ്രാമസഭയിൽ 12 വിശ്വാസികൾ ഉണ്ട്. കഴിഞ്ഞ 10 വർഷമായി ഇവർ ഒരു സഹോദരന്റെ വീടിന്റെ മുറ്റത്ത് തുറന്ന സ്ഥലത്താണ് കർത്താവിനെ ആരാധിക്കുന്നത്. കാലാവസ്ഥയുടെ കാഠിന്യം കാരണം പലപ്പോഴും ആരാധന തടസ്സപ്പെടുന്നു. ഈ പ്രിയപ്പെട്ടവർക്ക് ഒരു ചെറിയ സഭാഹാൾ വളരെ അത്യാവശ്യമായിരിക്കുന്നു. ഏകദേശം 2,00,000 രൂപയുടെ ആവശ്യം ഉണ്ട്. ദൈവമക്കളുടെ പ്രാർത്ഥനയുംസഹകരണവും ഇതിലേക്ക് അപേക്ഷിച്ചുകൊള്ളുന്നു. സഹായം ചെയ്യുവാൻ ആഗ്രഹിക്കുന്നവർ Believers Assembly A/c No. 16118, Indian Overseas Bank, Jhansi എന്ന പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയച്ചാലും. Philipose P.P., Gospel Home, 196 C.P. Mission Compound, Jhansi-284003 എന്ന് സഭയ്ക്കുവേണ്ടി പി.എ. സാമുവേൽ, പി.വി. ജോസഫ്, തുൾസി മശിഹ്.